August 2016
Vol. 13 - Issue 08
Published on
2nd August, 2016

Sahyanadham
Annual Subscription Rs. 180.00

Reg. No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12498
Posted at Thodupuzha Stg.



സ്വർഗ്ഗാരോപണ -
സ്വാതന്ത്ര്യദിനാശംസകൾ

Printed at St. Martha's Offset Printers, Murickassery, Idukki Dist. 685 604, Ph. 263688
Editor, Printer & Publisher. Rev. Fr. James Punnaplackal, Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 13
ആഗസ്റ്റ് 2016
ലക്കം 08



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 13
Issue No. : 8
Month : August 2016





*Patron*

**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*

**Rev. Dr. Joseph Kochukunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikkoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


ക്രൈസ്തവ ജീവിതം സഭാത്മകം 05
ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ, ഇടുക്കി 11
ജസ്റ്റീസ് സൺഡേ 15
രൂപതക്കച്ചേരി 19
ക്രിസ്തുജ്യോതി 19
സാമൂഹ്യസേവനം 20
തിരുബാലസഖ്യം 23
ചെറുപുഷ്പ മിഷൻലീഗ് 24
കെ.സി.എസ്.എൽ. 27
കെ.സി.വൈ.എം 29
കുടുംബ പ്രേഷിതത്വം 30
നവോമി കുടുംബകേന്ദ്രം 31
പ്രാർത്ഥനാഗ്രൂപ്പ് 32
കത്തോലിക്കാ കോൺഗ്രസ് 33
കേരള ലേബർ മൂവ്മെന്റ് 36
അറിയിപ്പുകൾ 39
വാർത്തകളും വിശേഷങ്ങളും 39
രൂപതാദ്ധ്യക്ഷന്റെ ഡയറി 41
രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 42


**"This Jubilee of mercy is a time of reconciliation for everyone."** *(Pope Francis : Tweet on 30/06/2016)*

## ഓർമ്മിക്കാൻ

### ആഗസ്റ്റ് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

01 : വി. അൽഫോൻസ് ലിഗോരി
02 : പ്രസ്ബിറ്ററൽ കൗൺസിൽ, കരിമ്പൻ
: സി.എം.എൽ. രൂപതാ സാഹിത്യമത്സരം
04 : വി. ജോൺ മരിയ വിയാനി
05 : വി. ശ്മോനിയും ഏഴു മക്കളും
06 : നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം
: എ.കെ.സി.സി. കാരുണ്യവർഷ ഫൊറോന കൺവെൻഷൻ, ആത്മജ്യോതി അടിമാലി
08 : വി. ഡൊമിനിക്
11 : വി. ക്ലാര
12 : വി. ശിമയോൻ ബർസാബയും സഹരക്തസാക്ഷികളും
12–15 : കെ.സി.എസ്.എൽ. ജീവിത വിശുദ്ധീകരണ ധ്യാനം സ്നേഹമന്ദിരം, പടമുഖം.
13 : വി. മാക്സിമില്യൻ കോൾബേ
: കെ.എൽ.എം. രൂപതാ കമ്മറ്റി, എഴുകുംവയൽ
15 : മറിയത്തിന്റെ സ്വർഗ്ഗാരോപണം, ഇന്ത്യൻ സ്വാതന്ത്ര്യദിനം
: എ.കെ.സി.സി. മതസൗഹാർദ്ദ സമ്മേളനം, മുരിക്കാശ്ശേരി
15–17 : വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി
19–21 : ഏലിശ്വാധ്യാനം, ആത്മജ്യോതി അടിമാലി
20 : വി. പത്താംപീയൂസ് മാർപാപ്പ (21 ഞായർ)
21 : ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ ആരംഭിക്കുന്നു
24 : വി. ബർത്തലോമിയ ശ്ലീഹാ
: കെ.സി.വൈ.എം. അർദ്ധവാർഷിക കൗൺസിൽ, കരിമ്പൻ
27 : വി. അഗസ്റ്റിൻ (28 ഞായർ)
28 : കെ.എൽ.എം. കർഷക തൊഴിലാളി ഫോറം ജില്ലാ സമ്മേളനം, കരിമ്പൻ
29 : വി. എവുപ്രാസ്യ

C. 19. സർക്കുലർ

# ക്രൈസ്തവ ജീവിതം സഭാത്മകം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

ആരാധനക്രമ വത്സരത്തിലെ കൈത്താക്കാലത്തിലൂടെ നമ്മൾ കടന്നുപോവുകയാണല്ലോ. ശ്ലീഹന്മാരുടെ പ്രേഷിത പ്രവർത്തനത്തിലൂടെ ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ തളിരിട്ട സഭാതരുവിന്റെ വളർച്ചയുടെ കാലമാണ് 'വേനൽ' എന്നർത്ഥമുള്ള കൈത്താക്കാലത്ത് നാം അനുസ്മരിക്കുന്നത്. രണ്ടായിരം വർഷങ്ങളായി ലോകത്തിന്റെ വിവിധ ഭൂഖണ്ഡങ്ങളിൽ വളർന്നു പന്തലിച്ച സഭ വളരുന്നത് മുൻകാലങ്ങളിലെപ്പോലെ തന്നെ ഇന്നും വെല്ലുവിളികളേയും പ്രതിസന്ധികളേയും അതിജീവിച്ചാണ്. സഭയുടെ ഉള്ളിൽ നിന്നും പുറമേ നിന്നും ഉണ്ടാകുന്ന വെല്ലുവിളികളുടെ മുമ്പിൽ ശരിയായ അവബോധവും വിശ്വാസതീഷ്ണതയും സഭാ മക്കൾക്ക് ആവശ്യമാണ്.

കത്തോലിക്കാ തിരുസഭയിൽ അംഗമായിരിക്കുന്നതിന്റെ അർത്ഥം തിരിച്ചറിയാതെയും ക്രൈസ്തവ വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും അന്തഃസത്ത ഗ്രഹിക്കാതെയും നാമമാത്ര വിശ്വാസികളായി ജീവിക്കുന്നവരുടെ എണ്ണം ഇന്ന് സഭയിൽ കൂടിവരുകയാണ്. വിശ്വാസം ത്യജിച്ച് മറ്റ് വിശ്വാസങ്ങളിലേക്ക് പോകുന്നവരും വിശ്വാസ സാക്ഷ്യം നല്കാതെ ഉതപ്പിന് കാരണമായി ജീവിക്കുന്നവരും സഭയുടെ മുമ്പിൽ വെല്ലുവിളി ഉയർത്തുകയാണ്. കൂടാതെ, ദൈവത്തിലും ക്രിസ്തുവിലും വിശ്വസിക്കാം, എന്നാൽ സഭയോ, സഭാസംവിധാനങ്ങളോ, സഭാ പ്രമാണങ്ങളോ, സഭാധികാരികളോ ആവശ്യമില്ല എന്നു ചിന്തിക്കുന്നവരുമുണ്ട്. സഭയേയും, സഭാശുശ്രൂഷകരേയും പൊതുസമൂഹത്തിൽ മോശമായി ചിത്രീകരിച്ചും സഭാവിശ്വാസികളെ സഭയിൽ നിന്നകറ്റുവാൻ ഗൂഢതന്ത്രങ്ങൾ ആവിഷ്കരിച്ചും സഭയ്ക്കെതിരെ വെല്ലുവിളികളുയർത്തുന്ന വ്യക്തി



കളും പ്രസ്ഥാനങ്ങളുമുണ്ട്. ഈ സാഹചര്യത്തിൽ, തിരുസഭ എന്താണെന്നും എന്തിനാണ് തിരുസഭയിൽ അംഗമായിരിക്കുന്നതെന്നും ആഴമായി മനസ്സിലാക്കുകയും അതനുസരിച്ച് തങ്ങളുടെ വിശ്വാസജീവിതം നയിക്കുകയും ചെയ്യുക എന്നത് ഓരോ സഭാ വിശ്വാസിയുടെയും കടമയാണ്.

"സഭ ഒരിക്കലും വെറുമൊരു സ്ഥാപനമല്ല. അത് നമുക്ക് ഒഴിവാക്കാവുന്ന വെറുംഔദ്യോഗിക സഭയുമല്ല. മനുഷ്യരായ നമ്മുടെയിടയിലുള്ള ദൈവത്തിന്റെ സാന്നിധ്യമാണത്." (YOUCAT, 121). സഭയുടെ ദൃശ്യമായ സ്ഥാപനസംവിധാനങ്ങളെ മാത്രം നോക്കി സഭയെ വിലയിരുത്തുമ്പോൾ സഭയെക്കുറിച്ചുള്ള പൂർണ്ണമായ അറിവ് നമുക്ക് ലഭിക്കില്ല. സഭ ഒരു രഹസ്യമായതുകൊണ്ട് അവളെ മനസ്സിലാക്കുവാൻ കഴിയുന്നത് വിവിധ പ്രതീകങ്ങളിലൂടെയും പ്രതിരൂപങ്ങളിലൂടെയുമാണ്. സഭയെ സൂചിപ്പിക്കുന്ന നിരവധി പ്രതിരൂപങ്ങൾ വി. ഗ്രന്ഥത്തിലുണ്ട്. 'സഭ ദൈവത്തിന്റെ ആട്ടിൻപറ്റമാണ്', 'സഭ ദൈവത്തിന്റെ കൃഷി സ്ഥലമാണ്', 'ദൈവഭവനമാണ്' തുടങ്ങിയ പഴയനിയമ പ്രതിരൂപങ്ങളും, സഭ 'ക്രിസതുവിന്റെ ശരീരമാണ്', 'ക്രിസ്തുവിന്റെ മണവാട്ടിയാണ്', 'നമ്മുടെ അമ്മയാണ്', 'പരിശുദ്ധാത്മാവിന്റെ ആലയമാണ്' തുടങ്ങിയ പുതിയനിയമ പ്രതിരൂപങ്ങളും സഭയാകുന്ന വലിയ രഹസ്യത്തെ ആഴത്തിൽ വെളിപ്പെടുത്തുന്നവയാണ്.

സഭ ഉണ്ടായിരിക്കുന്നതും ലോകാവസാനം വരെ നിലനില്ക്കുന്നതും ആകസ്മികമായിട്ടല്ല; അത് ദൈവത്തിന്റെ പദ്ധതിയും മനുഷ്യവംശത്തിന്റെ അനിവാര്യതയുമാണ്. "യുഗാന്ത്യം വരെ സഭ ഉണ്ടായിരിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. എന്തെന്നാൽ നമ്മെ വ്യക്തിപരമായല്ല, ഒരു സമൂഹമെന്ന നിലയിൽ വീണ്ടെടുക്കണമെന്നതുമാണ് അവിടുത്തെ പദ്ധതി. മനുഷ്യവംശം മുഴുവൻ തന്റെ ജനമാകാൻ അവിടുന്ന് ആഗ്രഹിക്കുന്നു." (YOUCAT, 122). പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയുടെ മാതൃകയിൽ ഭൂമിയിൽ മനുഷ്യവർഗ്ഗവും ആയിരിക്കണമെന്നാഗ്രഹിക്കുന്ന ദൈവം അതിനായി രൂപ

പ്പെടുത്തിയ 'ദൈവത്തിന്റെ കുടുംബ' മാണ് സഭ. അതിനായി ദൈവത്തിന്റെ ഹൃദയത്തിൽ ഉത്ഭവിച്ച പദ്ധതിയാണ് സഭ. ലോകാരംഭംമുതൽ സൂചിപ്പിക്കപ്പെടുകയും മനുഷ്യചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ ആകൃതി പ്രാപിക്കുകയും പഴയനിയമ ജനമായി ഒരുക്കപ്പെടുകയും ക്രിസ്തുവിന്റെ രക്ഷാകരരഹസ്യങ്ങളിലൂടെ സ്ഥാപിക്കപ്പെടുകയും പരിശുദ്ധാത്മാവിനാൽ പ്രത്യക്ഷമാക്കപ്പെടുകയും ചെയ്ത ഒരു ചരിത്രയാഥാർത്ഥ്യമാണ് സഭ. പഴയനിയമ കാലഘട്ടത്തിൽ രക്ഷയുടെ അടയാളമായി വിളിച്ചുചേർക്കപ്പെടുകയും ഒരുക്കപ്പെടുകയും ചെയ്ത ദൈവജനം ക്രിസ്തുരഹസ്യങ്ങളിലൂടെ ത്രിത്വൈകകൂട്ടായ്മയുടെ ഭൂമിയിലെ പ്രതീകമായി മാറുകയാണ്. ''സഭ ജനിക്കുന്നത്, പ്രഥമമായി നമ്മുടെ രക്ഷക്കുവേണ്ടി ക്രിസ്തു വി. കുർബാനയുടെ സ്ഥാപനത്തിൽ മുൻകൂട്ടിനടത്തുകയും കുരിശിൽ പൂർത്തീകരിക്കുകയും ചെയ്ത സമ്പൂർണ്ണ ആത്മദാനത്തിൽ നിന്നാണ്''(CCC 766). ''ക്രൂശിതനായ യേശുവിന്റെ തിരുവിലാവിൽ നിന്ന് ഒഴുകിയ രക്തവും ജലവും സഭയുടെ ഉത്ഭവത്തേയും വളർച്ചയേയുമാണ് പ്രതീകാത്മകമായി സൂചിപ്പിക്കുന്നത്'' (Jn 19:34, LG.3).

യേശുക്രിസ്തു ഈ ഭൂമിയിൽ ഉദ്ഘാടനം ചെയ്ത സ്വർഗ്ഗരാജ്യം, നീതിയുടെയും സമാധാനത്തിന്റേയും കാരുണ്യത്തിന്റേയും രാജ്യം ലോകാവസാനം വരെ ഈ ഭൂമിയിൽ നിലനിർത്തുവാൻ ക്രിസ്തുവിനാൽ നിയോഗിക്കപ്പെട്ടവരുടെ ഗണമാണ് സഭ. ഓരോ മനുഷ്യവ്യക്തിയും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണെന്നും, അതുകൊണ്ട്, ഓരോ വ്യക്തിത്വവും മാന്യമായി പരിഗണിക്കപ്പെടണമെന്നും വിലമതിക്കപ്പെടണമെന്നും തന്റെ പരസ്യജീവിതത്തിലൂടെ വ്യക്തമാക്കിയ യേശു ആ ദൗത്യമാണ് സഭയേയും ഏൽപ്പിച്ചിരിക്കുന്നത്. വർഗ്ഗത്തിന്റെയോ, വർണ്ണത്തിന്റെയോ, ദേശത്തിന്റെയോ, ഭാഷയുടെയോ, മറ്റേതെങ്കിലും മാനുഷിക മാനദണ്ഡത്തിന്റെയോ അടിസ്ഥാനത്തിൽ വേർതിരിച്ചു നിറുത്തപ്പെടേണ്ടവനോ അടിച്ചമർത്തപ്പെടേണ്ടവനോ അല്ല മനുഷ്യൻ എന്നും, എല്ലാവരും ബഹുമതിക്കപ്പെടേണ്ടവരാണെന്നും യേശു പഠി



പ്പിച്ചു. ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർ നിത്യജീവനിൽ പങ്കുകാരാക്കപ്പെടേണ്ടവരാണെന്നും അതിൽ നിന്ന് അവരെ പിന്നോട്ടുവലിക്കുന്ന നാരകീയശക്തികൾക്കെതിരെ പോരാടേണ്ടവരാണെന്നും അവിടുന്ന് ഉദ്ഘോഷിച്ചു. യേശുവിന്റെ ഈ ദൗത്യമാണ് സഭയിലൂടെ തുടരുന്നത്.

സഭ തന്നിൽതന്നെ ഒരു ലക്ഷ്യമല്ല (Youcat 123). യേശുവിന്റെ പ്രവൃത്തികൾ വിശുദ്ധ അടയാളങ്ങളായ കൂദാശകളിലൂടെ പൂർത്തീകരിക്കുന്ന ഒരു മാർഗ്ഗമാണ് സഭ. അവൾ രക്ഷയുടെ സാർവ്വത്രിക കൂദാശയാണ്. സഭയുടെ ലക്ഷ്യം തന്നെ ദൈവത്തോട് മനുഷ്യർക്കുള്ള ആന്തരികമായ ഐക്യത്തിന്റെ കൂദാശയായിരിക്കുക എന്നതാണ്. കാരണം ദൈവത്തോടുള്ള ഐക്യത്തിലാണ് മനുഷ്യർ തമ്മിലുള്ള കൂട്ടായ്മ വേരുറപ്പിച്ചിരിക്കുന്നത്. (CCC 775). ദൈവഛായയുള്ള എല്ലാ മനുഷ്യരെയും തുല്യരായി കണ്ട്, ബഹുമാനിച്ച്, എല്ലാവരേയും ഉൾക്കൊണ്ട് കൂട്ടായ്മ രൂപപ്പെടുത്തുവാനുള്ള കൂദാശയാണ് സഭ. സഭതന്നെ സഭകളുടെ കൂട്ടായ്മയാണ്. വ്യത്യസ്തങ്ങളായ 24 വ്യക്തിസഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാ തിരുസഭ. കത്തോലിക്കാസഭയിലെ വ്യക്തിസഭകൾ വിശ്വാസം, കൂദാശകൾ, മാർപ്പാപ്പയോടുള്ള വിധേയത്വം എന്നീ മൂന്നുകാര്യങ്ങളിൽ ഒന്നായിരുന്നുകൊണ്ട്, പാരമ്പര്യങ്ങൾ, ദൈവശാസ്ത്രം, ആരാധനാക്രമം, ശിക്ഷണക്രമം എന്നിങ്ങനെ നാല് കാര്യങ്ങളിൽ തങ്ങളുടെ തനിമ പ്രകടമാക്കുന്നു (പൗരസ്ത്യ സഭകൾ 2, 3). കേരളത്തിലെ കത്തോലിക്കാ സഭയിൽ മൂന്ന് വ്യക്തിസഭകളാണുള്ളത്. ഈ മൂന്ന് വ്യക്തിസഭകളും പരസ്പരം ബഹുമാനിച്ചും പങ്കുവച്ചും സഹകരിച്ചുമാണ് തങ്ങളുടെ കൂട്ടായ്മ വെളിപ്പെടുത്തുന്നത്. ഇതുപോലെ തന്നെ രൂപതകൾ തമ്മിലും ഇടവകകൾ തമ്മിലും കുടുംബങ്ങൾ തമ്മിലും കുടുംബങ്ങളിൽ വ്യക്തികൾ തമ്മിലും കൂട്ടായ്മയോടുകൂടി പ്രവർത്തിക്കുമ്പോൾ തിരുസഭ പരിശുദ്ധ ത്രിത്വത്തിന്റെ ഈ ഭൂമിയിലെ പ്രതീകമാവുന്നു. ഈ കൂട്ടായ്മ സാക്ഷാത്ക്കരിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. എല്ലാ മനുഷ്യർക്കുമായി തന്റെ കാരുണ്യ

ത്തിന്റെ കവാടങ്ങൾ തുറന്നിട്ടിരിക്കുകയാണ് സഭ. അവൾ സാർവ്വത്രികമായതിനാൽ തന്റെ മടിത്തട്ടിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു. തന്റെ മണവാളനായ ക്രിസ്തു അതിർവരമ്പുകളില്ലാതെ എല്ലാവരെയും സ്നേഹിച്ചതുപോലെയും ഉൾക്കൊണ്ടതുപോലെയും സഭയും ലോകത്തിലുള്ള പാർശ്വവത്കരിക്കപ്പെട്ടവരെയും, പുറത്താക്കപ്പെട്ടവരേയും, പാപികളേയും, വിശുദ്ധരേയുമെല്ലാം ഉൾക്കൊള്ളുന്നു. അങ്ങനെ എല്ലാവർക്കും എല്ലാമാകുവാനായി അവൾ ഐക്യത്തിന്റെ കൂദാശയായി നിലകൊള്ളുന്നു.

കൂദാശയായ സഭയിൽ ക്രിസ്തുവിന്റെ രക്ഷാകര സാന്നിധ്യം അനുഭവവേദ്യമാകുന്നത് പരിശുദ്ധ കൂദാശകളിലൂടെയാണ്. 'ശിരസ്സാകുന്ന ക്രിസ്തുവിന്റെ കൃപാവരം അവിടുത്തെ ശരീരമാകുന്ന സഭയിൽ പരിശുദ്ധാത്മാവ് വ്യാപിക്കുന്നതിനുപയോഗിക്കുന്ന അടയാളങ്ങളും ഉപകരണങ്ങളുമാണ് സഭയിലെ ഏഴ് കൂദാശകൾ' (CCC 774). ഈ കൂദാശകളിലുള്ള ഭാഗഭാഗിത്വമാണ് ക്രിസ്തുവിന്റെ കൃപാവരം സ്വീകരിക്കുന്നതിനുള്ള മാർഗ്ഗം. കൂദാശകളിൽ നിന്നകന്നുള്ള ഒരു സഭാത്മക ജീവിതം അചിന്തനീയമാണ്. മാമ്മോദീസയിലൂടെ സഭയിലെ അംഗമാകുന്ന ഒരു വ്യക്തി ശിരസ്സായ ക്രിസ്തുവിനോട് അഗാധമായി ബന്ധപ്പെട്ടിരിക്കുന്ന ശരീരത്തിലാണ് അംഗമാകുന്നത്. ശരീരത്തിലെ അവയവത്തിനാവശ്യമായ കൃപ ലഭിക്കുന്നത് കൂദാശകളിലൂടെയാണ്. ഓരോ ജീവിതത്തിനും യോജിച്ചതും വിശ്വാസികൾ പൊതുവായി സ്വീകരിക്കുന്നതുമായ കൂദാശകളിൽ സജീവമായി പങ്കെടുക്കുക എന്നത് ഓരോ സത്യവിശ്വാസിയുടെയും കടമയാണ്. കൂദാശകൾ സ്വീകരിക്കാതെയും കൗദാശികജീവിതം നയിക്കാതെയുമിരിക്കുന്നവർ സഭാമക്കളാണെന്ന് പറയുന്നതിൽ അർത്ഥമില്ല. അവർ ദൈവത്തിലും ക്രിസ്തുവിലും വിശ്വസിക്കുന്നുവെന്ന് അവകാശപ്പെടുന്നുവെങ്കിലും ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഭാഗമാകുന്നില്ലെങ്കിൽ അവരുടെ ക്രിസ്തുവിലുള്ള വിശ്വാസം പൂർണ്ണമാകുന്നില്ല. കൂദാശകളിൽ, പ്രത്യേകിച്ച് അനുരഞ്ജന കൂദാശയും വി. കുർബാനയും ക്രമമായി സ്വീകരിച്ചുകൊണ്ട് ഓരോ സഭാംഗവും തന്റെ



വിശ്വാസജീവിതത്തിൽ വളരുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്. കരുണയുടെ ഈ വിശുദ്ധ വർഷത്തിൽ അനുരഞ്ജന കൂദാശയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതുമാണ്. കൂടാതെ, ഞായറാഴ്ച ദിവസങ്ങളിൽ ഇടവകാംഗങ്ങൾ എല്ലാവരും ഒരുമിച്ച് ഇടവക ദൈവലയത്തിലെ ബലിയർപ്പണത്തിൽതന്നെ പങ്കെടുക്കണമെന്നും ഓർമ്മിപ്പിക്കുന്നു. ഇടവകാതിർത്തിയിലുള്ള സന്യാസഭവനങ്ങളിലോ ഇതര സ്ഥാപനങ്ങളിലോ ഞായറാഴ്ചകളിൽ പൊതുവായ വിശുദ്ധ ബലിയർപ്പണങ്ങൾ പാടില്ലാത്തതാകുന്നു (cf. CCEO 415). ഇടവകവികാരിയോടൊപ്പം വി. ബലിയിൽ ഇടവകാംഗങ്ങൾ ഒരുമിച്ച് പങ്കെടുക്കുമ്പോൾ സഭയുടെ ഏറ്റവും പ്രാദേശികമാനം വെളിവാക്കപ്പെടുകയാണ് (cf. കിഴക്കിന്റെ വെളിച്ചം, ജോൺ പോൾ II, 11). അങ്ങനെ, ഇടവകാതലത്തിൽ രൂപപ്പെടുന്ന ആരാധനാസമൂഹ കൂട്ടായ്മകൾ പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയുടെ ഭൗമിക മാതൃകകളായി മാറുന്നു. ഓരോ ഇടവകയും ക്രിസ്തുവിന്റെ കൂദാശയായി പരസ്പരം ബന്ധങ്ങൾ വളർത്തി രൂപപ്പെടുമ്പോൾ അവിടെ വിശ്വാസഭ്രംശമോ വിശ്വാസത്യാഗമോ സംഭവിക്കുകയില്ല. ആദിമ സഭയുടെ മാതൃകയാണ് ഇക്കാര്യത്തിൽ നമുക്കുണ്ടായിരിക്കേണ്ടത്. ''വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമായി മാറി'' (അപ്പ. നട. 2:44) എന്ന വചനം ജീവിതത്തിൽ അന്വർത്ഥമാക്കുവാൻ നമുക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും ✠പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ ആശീർവ്വദിക്കുന്നു.

എന്ന്,

✠ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ഇടുക്കി രൂപതാ മെത്രാൻ

N.B. ഈ സർക്കുലർ ആഗസ്റ്റ് മാസത്തിലെ ഒരു ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിച്ചു വിശദീകരിക്കണം.

C. 20. സർക്കുലർ

# ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ, ഇടുക്കി

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

ഈ കാലഘട്ടത്തിൽ സഭയുടെ കരുണാദ്രമുഖം കൂടുതൽ പ്രകാശിതമാകണം എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഫ്രാൻസീസ് മാർപ്പാപ്പ പ്രഖ്യാപിച്ച കരുണയുടെ വർഷത്തിലൂടെ നാം കടന്നു പോകുകയാണല്ലോ. ''നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ'' (ലൂക്കാ 6:36) എന്ന ഈശോയുടെ വാക്കുകൾ അക്ഷരാർത്ഥത്തിൽ ജീവിക്കുവാനാണ് മാർപാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നത്. ദൈവത്തിന്റെ കരുണ അനുഭവിച്ചറിഞ്ഞവർക്ക് അത് ഫലപ്രദമായി പങ്കുവയ്ക്കുവാൻ കഴിയും. വ്യത്യസ്ത മേഖലകളിൽ നിരവധി കാരുണ്യപ്രവൃത്തികൾ നാം ചെയ്യുന്നുണ്ട് എന്നത് ശ്ലാഘനീയമാണ്. അഗതി മന്ദിരങ്ങളിൽ സഹായം എത്തിക്കുന്നതും, ആശുപത്രികളിൽ ഭക്ഷണം നൽകുന്നതും, തടവുകാരെ സന്ദർശിക്കുന്നതും, ദുരന്ത മേഖലകളിൽ ഓടിയെത്തി സഹായിക്കുന്നതും, അപകടങ്ങളിലും രോഗങ്ങളിലും പെട്ടവർക്ക് ചികിത്സാ സഹായം നല്കുന്നതുമെല്ലാം എടുത്തു പറയേണ്ടവയാണ്. ചിലർ അവയവദാനങ്ങളിലൂടെയും കാരുണ്യത്തിന്റെ പ്രവാചകരാകുന്നു.

നമ്മുടെ കരുണാദ്രസേവനം പ്രത്യേകമായി എത്തേണ്ട മറ്റൊരു സമൂഹമാണ് വീടുകളിലെ കിടപ്പുരോഗികൾ. മാരകമായ രോഗങ്ങൾ മൂലമോ, അപകടം മൂലമോ, പ്രായാധിക്യം മൂലമോ കിടപ്പിലായവരും ഇരുപ്പിലായവരുമായ അനേകംപേർ വിവിധ ഭവനങ്ങളിലുണ്ട്. സ്വാതന്ത്ര്യം നഷ്ടപ്പെട്ടതിന്റെയും, ശാരീരിക വേദനകളുടെയും, സാമ്പത്തികദുരിതങ്ങളുടെയും നടുവിൽ ഒറ്റപ്പെട്ടുപോകുന്ന ഇത്തരം മനുഷ്യരുടെ കാര്യത്തിൽ ഒരു പ്രത്യേക



കരുതൽ പുലർത്തുവാൻ നമുക്ക് കടമയുണ്ട്. ഇവരിൽ പലരും, പലരുടെയും വീട്ടുകാരും വലിയ പിരിമുറുക്കത്തിലും നിരാശയിലുമാണ്.

ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ വ്യാപകമായതോടെ ഇത്തരം ആളുകളുടെ എണ്ണം കൂടിവരികയാണ്. ഇത്തരക്കാർ ഒരു ഭാരമാണെന്ന ചിന്ത വീടുകളിലും സമൂഹത്തിലും വളരാൻ അനുവദിക്കരുത്. വീടുകളിൽ ഇത്തരം രോഗികളുടെ സാന്നിദ്ധ്യം ഉണ്ടായാൽ അത് അനുഗ്രഹമായി കരുതുവാനും അവരെ ശുശ്രൂഷിക്കുന്നത് പുണ്യമായി വിലയിരുത്തുവാനും കഴിയുന്ന ഒരു സംസ്ക്കാരം വളർത്തിയെടുക്കണം. സ്വയമായി ഒന്നും ചെയ്യുവാൻ പറ്റാതാകുന്ന ഇവർക്ക് ആശ്വാസവും സന്തോഷവും പകരണം.

ഓരോ ഇടവകയിലും ജാതിമതഭേദമെന്യേ ഇത്തരം എത്ര രോഗികളുണ്ടെന്ന് കണക്ക് എടുക്കണം. വീട്ടുകാർ വലിയ ക്ഷമയോടെയും സ്നേഹത്തോടെയും അവരോട് ഇടപെടുകയും സാദ്ധ്യമായ ചികിത്സകളും സഹായങ്ങളും നല്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തണം. ഇടവകതലത്തിൽ ഇത്തരം വ്യക്തികളെ സന്ദർശിക്കുന്നതിനും സാദ്ധ്യമായ സഹായങ്ങൾ നല്കുന്നതിനും ഒരു വോളണ്ടിയർ ടീം ഉണ്ടാകണം. ഈ ടീമിന് ആവശ്യമായ പരിശീലനം നൽകി, മാസത്തിൽ രണ്ടുതവണയെങ്കിലും കിടപ്പുരോഗികളെ കൃത്യമായി സന്ദർശിച്ച് ആവശ്യമായ പ്രഥമശുശ്രൂഷയും മറ്റ് സഹായങ്ങളും നൽകണം. ഇത്തരം ശുശ്രൂഷക്ക് ഉൾവിളി ലഭിച്ചവരാണ് ഈ ടീമിൽ ഉണ്ടാകേണ്ടത്. നേഴ്സിങ്ങ്, പാരാമെഡിക്കൽ രംഗത്ത് മുൻപ് ജോലി ചെയ്തിട്ടുള്ളവരും എന്നാൽ ഇപ്പോൾ പ്രത്യേക ജോലി ഇല്ലാത്തവരുമായവരുടെ സേവനവും പ്രയോജനപ്പെടുത്തണം.യൂറിൻ ട്യൂബ്, റൈസ് ട്യൂബ് ഇവ വ്യത്തിയാക്കുക, എയർ ബെഡ്ഡ്, വാട്ടർ ബെഡ്ഡ് ഇവ ക്രമീകരിക്കുക, മുറിവുകൾ വച്ചുകെട്ടുക, പ്രമേഹം, രക്തസമ്മർദ്ദം ഇവ അളക്കുക തുടങ്ങിയ കാര്യങ്ങൾ ഈ സന്ദർശനവേളയിൽ ചെയ്യുന്നതിന് സാധിക്കും.

പലർക്കും മനസ്സിൽ തിങ്ങിവിങ്ങുന്ന വേദനകൾ പങ്കുവയ്ക്കാനുള്ള അവസരമായി ഈ സന്ദർശനങ്ങൾ മാറേണ്ടതാണ്. പ്രത്യാശ പകർന്നു നല്കുവാനും, പ്രാർത്ഥനയിലേക്ക് നയിക്കുവാനും, മാനസികമായി ധൈര്യപ്പെടുത്തുവാനും വോളണ്ടിയേഴ്സിന് കഴിയും. സഭാമക്കളുടെ കാര്യത്തിൽ കുമ്പസാരം, വി. കുർബ്ബാന നൽകൽ, രോഗീലേപനം തുടങ്ങിയ അജപാലന കാര്യങ്ങൾ ആവശ്യമെങ്കിൽ വികാരിയെ അറിയിക്കണം. സർക്കാർ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ രോഗികൾക്ക് കിട്ടുവാനും ശ്രദ്ധിക്കണം.

ഈ ടീമിന് ആവശ്യമായി വരുന്ന തുച്ഛമായ ചെലവുകൾ ഇടവക സമൂഹം വഹിക്കേണ്ടതാണ്. 'ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ ഇടുക്കി' എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിക്ക് രൂപതയുടെ സാമൂഹ്യക്ഷേമവിഭാഗമായ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി നേതൃത്വം നല്കും. കേന്ദ്രതലത്തിൽ ഡോക്ടർമാർ, നേഴ്സുമാർ തുടങ്ങി പരിചയസമ്പന്നരായ വ്യക്തികളുടെ ഒരു ടീം രൂപീകരിച്ചിട്ടുണ്ട്. ഇവർ ഇടവക തലത്തിലുള്ള വോളണ്ടിയർ ടീമിന് പരിശീലനം നലകുന്നതാണ്.

ഇടവക തലത്തിലുള്ള ടീം മാസത്തിലൊരിക്കൽ ഒരുമിച്ചുകൂടി വിലയിരുത്തൽ നടത്തണം. ടീമിന് ഒരു പ്രഥമ ശുശ്രൂഷാകിറ്റ് ഉണ്ടായിരിക്കുന്നത് നല്ലതാണ്. വീടുകളിൽ ഉപയോഗിക്കാതെ ഇരിക്കുന്നഎയർ ബെഡ്സ്, വാട്ടർ ബെഡ്സ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്ക് തുടങ്ങിയ ഉപകരണങ്ങൾ സമാഹരിച്ചാൽ പാവപ്പെട്ട രോഗികൾക്ക് അത് നല്കുവാൻ കഴിയും. ഉദാരമനസ്കരുടെ സഹായവും സഹകരണവും ഇക്കാര്യത്തിൽ ഉണ്ടാകണം.

നമ്മുടെ രൂപതയിൽതന്നെ വെള്ളയാംകുടി ഇടവകയിൽ ഇത്തരമൊരു ടീം വളരെ ഫലപ്രദമായും, മാതൃകാപരമായും പ്രവൃത്തിക്കുന്നുണ്ട്. കിടപ്പുരോഗികളോടുള്ള കാരുണ്യപൂർവ്വകമായ സമീപനത്തിൽ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളും



മാതൃകയാകണം. ''ഞാൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു, ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു'' (മത്താ 25:36) എന്ന ഈശോയുടെ വാക്കുകൾ നമുക്ക് പ്രചോദനമാകട്ടെ. ഒരാൾ കിടപ്പുരോഗിയാകുന്നതോടെ ഒരു കുടുംബത്തിന്റെ താളം തെറ്റും. രോഗിയെ ശുശ്രൂഷിക്കാൻ നിൽക്കണമോ, ഉപജീവനത്തിന് അദ്ധ്വാനിക്കണമോ എന്ന ചോദ്യം ഉയരും. അജ്ഞതയും പ്രാരാബ്ധങ്ങളുടെ സമ്മർദ്ദവുംമൂലം വേണ്ടത്ര പരിചരണം നല്കുവാൻ കഴിയാതെവരും. ഈ സാഹചര്യത്തിൽ ഗുഡ് സമരിറ്റൻ വോളണ്ടിയർമാരുടെ സേവനം വലിയ അനുഗ്രഹമാകും. ''കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്ക് കരുണ ലഭിക്കും'' (മത്താ 5:7) എന്ന തിരുവചനം അനുസ്മരിപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ ആശീർവ്വദിക്കുന്നു.

എന്ന്

✠ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ഇടുക്കി മെത്രാൻ

N.B. ഈ സർക്കുലർ ആഗസ്റ്റ് മാസം 7-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിച്ചു വിശദീകരിക്കണം.



C. 21. സർക്കുലർ

# ജസ്റ്റീസ് സൺഡേ 2016

## ആഗസ്റ്റ് 21, ഞായർ

### KCBC SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

വന്ദ്യ വൈദികരെ, പ്രിയ സന്യസ്തരെ, സഹോദരീ സഹോദരന്മാരെ,

ഫ്രാൻസിസ് പാപ്പ 'കരുണയുടെ മുഖം' എന്ന പ്രബോധനത്തിൽ കരുണയുടെ ജൂബിലി ആഘോഷിക്കേണ്ടത് എപ്രകാരമാണെന്ന് നമ്മെ പഠിപ്പിക്കുന്നു. ആധുനികസമൂഹം അരികുകളിലേക്ക് വലിച്ചെറിഞ്ഞ നമ്മുടെ സഹോദരങ്ങളെ കരുണയുടെ കണ്ണുകളിലൂടെ നോക്കിക്കാണാം. ആഴമായ മുറിവുകളും ദുസ്സഹമായ വേദനകളും തികഞ്ഞ അവഗണനകളും അനിശ്ചിതത്വങ്ങളും നിറഞ്ഞ അവരുടെ ജീവിതങ്ങളിലേക്ക് നമുക്ക് ഇറങ്ങിച്ചെല്ലാം. കരുണയുടെ തൈലം പുരട്ടി അവരുടെ മുറിവുകൾ വച്ചുകെട്ടുകയും അവരോടുള്ള ഐക്യദാർഢ്യവും കരുതലും പ്രകടമാക്കിക്കൊണ്ട് നമ്മുടെ സാന്നിദ്ധ്യവും സ്നേഹസാഹോദര്യവും അവർക്ക് പകർന്നു നല്കാം. മനുഷ്യ മഹത്വവും തുല്യപരിഗണനയും അന്യായമായി നിഷേധിക്കപ്പെട്ടിരിക്കുന്ന അവരോടൊപ്പം നിന്നുകൊണ്ട് അവരുടെ സഹനങ്ങളിൽ നമുക്ക് സാന്ത്വനമാകാം. അവരുടെ നിലവിളികൾ നമ്മുടേതാകട്ടെ. അവർക്കെതിരെ ഉയരുന്ന നിസ്സംഗതയുടെയും വിവേചനത്തിന്റെയും കാപട്യത്തിന്റെയും വൻമതിലുകൾ നമുക്കൊരുമിച്ചുനിന്ന് തച്ചുടയ്ക്കാം. (ഖണ്ഡിക 15) ഭാരതത്തെ സംബന്ധിച്ചിടത്തോളം മാർപാപ്പ നമുക്ക് കാണിച്ചുതരുന്നതും നമ്മുടെ പരിഗണന ഏറ്റവും കൂടുതൽ അർഹിക്കുന്നതും ദലിത് ക്രൈസ്തവരാണ്.

നമ്മുടെ മാതൃരാജ്യം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 69 വർഷം തികയുകയാണ്. എന്നാൽ ദലിത് ക്രൈസ്തവർ പിറന്ന നാട്ടിൽ ഇന്നും നീതിക്കുവേണ്ടി കേഴുകയാണ്. മതേതര ജനാധിപത്യരാജ്യമായ ഭാരതത്തിൽ ഒരു പൗരന് ഏതു മതവും സ്വീകരിക്കുവാനുള്ള



അവകാശമുണ്ട്. മതത്തിന്റെ പേരിൽ പൗരാവകാശങ്ങളോ ആനുകൂല്യങ്ങളോ നിഷേധിക്കുവാൻ പാടുള്ളതല്ല. ദാദാ സാഹിബ് അംബേദ്കർ നേതൃത്വം നല്കി തയ്യാറാക്കിയ ഭാരതത്തിന്റെ ഭരണഘടന എല്ലാവിഭാഗം പട്ടികജാതിക്കാർക്കും അവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപുരോഗതികൾക്കായി തുല്യസംവരണം ഉറപ്പാക്കുന്ന ഒന്നായിരുന്നു. എന്നാൽ 1950-ൽ ഒരു പ്രസിഡൻഷ്യൽ ഓർഡറിലൂടെ ഹിന്ദുക്കളല്ലാത്ത പട്ടികജാതിക്കാർക്ക് ലഭിക്കുമായിരുന്ന സംവരണാനുകൂല്യങ്ങൾ നിഷേധിച്ചു. 1956-ൽ സിക്കുമതക്കാർക്കും 1990 -ൽ ബുദ്ധമതക്കാർക്കും സംവരണം പുനഃസ്ഥാപിച്ചു നല്കി. ഇന്നും ക്രിസ്തുമതസ്ഥരും ഇസ്ലാം മതസ്ഥരുമായ ദലിതർ ഈ വിവേചനത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

സംവരണ നിഷേധം ദലിത് ക്രൈസ്തവർക്ക് ഇരട്ടപ്രഹരമാണ് ഏല്പിക്കുന്നത്. വിദ്യാഭ്യാസ രംഗത്തും തൊഴിൽമേഖലയിലും വളരാനും ഉന്നതിപ്രാപിക്കാനുമുള്ള വാതിൽ അടക്കപ്പെടുന്നു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മതസ്വാതന്ത്ര്യം നിഷേധിക്കുന്നതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ലഭ്യമാകുന്ന സാമൂഹ്യക്ഷേമ പദ്ധതികളിലെ ജനറൽ കാറ്റഗറി വിഭാഗത്തിൽപോലും അവർക്കവസരം ലഭിക്കാതെ പോകുന്നു.

സമീപകാലത്തായി കേരളത്തിലും ഭാരതത്തിലെമ്പാടും ദലിതർക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ ആശങ്കയുണർത്തുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിലും കലാസാംസ്കാരികരംഗങ്ങളിലും കടന്നുകയറുന്ന ദലിത് വിരുദ്ധശക്തികളെ കർശനമായി നിയന്ത്രിച്ച് ദലിതരുടെ തനിമ നിലനിർത്താൻ സഹായിക്കേണ്ടതാണ്. ഭക്ഷണത്തിന്റെ പേരിലും ആചാരനുഷ്ഠാനങ്ങളുടെ പേരിലും ദലിതരും മതന്യൂനപക്ഷങ്ങളും വേട്ടയാടപ്പെടുന്നത് വച്ചു പൊറുപ്പിക്കാനാവില്ല. ദലിത് പിന്നോക്കവിഭാഗങ്ങൾ വിദ്യാഭ്യാസത്തിലൂടെ പ്രബുദ്ധരാകുകയും സംഘടിച്ച് ശക്തരാകുകയും ജനാധിപത്യവ്യവസ്ഥയുടെ എല്ലാ രംഗങ്ങളിലും എത്തിച്ചേരുകയും ചെയ്യേണ്ടതാണ്. തങ്ങളുടെ

സാംസ്കാരികപൈതൃകം നിലനിർത്തിക്കൊണ്ട് കാലത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി ഭാവി കർമ്മപരിപാടികൾ കരുപ്പിടിപ്പിക്കുവാൻ അവർക്ക് കഴിയണം. സഭ കൂടുതൽ ഉത്തരവാദിത്വത്തോടെ ദലിത് ക്രൈസ്തവരോടുള്ള ഐക്യദാർഢ്യവും പ്രതിജ്ഞാബദ്ധതയും നവീകരിക്കണം. നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ ദലിത് ക്രൈസ്തവർ ഒറ്റപ്പെട്ടുപോകാതെ വിവിധ സഭാസമൂഹങ്ങൾ ഒരുമിച്ചുനിന്നുകൊണ്ട് അവരോടൊപ്പം പോരാടണം. ക്രിസ്തുവിന്റെ ശരീരമായ സഭയിലെ ഒരവയവത്തിന്റെ വേദന എല്ലാവരുടേതുമാകണം. അപ്രധാനമെന്നോ ബലഹീനമെന്നോ കരുതപ്പെടുന്നവർക്ക് കൂടുതലായി പ്രത്യേക കരുതലും പരിഗണയും ലഭ്യമാക്കണം (1 കൊറി 12:12-26) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നമുക്ക് ശക്തിപകരട്ടെ. സഭാ സംവിധാനങ്ങളിലെ ഉത്തരവാദിത്വങ്ങളിൽ പൂർണമായ പങ്കാളിത്തം ദലിത് സഹോദരങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. പൊതുസമൂഹത്തിന്റെ ഇതരരംഗങ്ങളിൽ മികവുറ്റ സംഭാവനകൾ നല്കാൻ അവരെ പ്രാപ്തരാക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യേണ്ടതാണ്. അതിനാവശ്യമായ സമ്പത്ത് ശേഖരിച്ച് നല്കാനും സഭാ സ്ഥാപനങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് പ്രോത്സാഹനവും ശക്തിയും പകർന്നു നല്കുവാനും സഭ സന്നദ്ധമാകണം. വിശ്വാസത്തിലുറച്ചുനിന്ന് സഭയിൽ ലഭ്യമാകുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി സ്വത്വബോധത്തോടെ വളരാനും സഭയെയും സമുദായത്തെയും ഒരുപോലെ വളർത്താനും ദലിത് ക്രൈസ്തവർ മുന്നോട്ടുവരാൻ ശ്രദ്ധിക്കുകയും ചെയ്യണം. സഭയുടെ ഔദ്യോഗിക ദലിത് കത്തോലിക്കാസംഘടനയായ ഡി.സി.എം.എസ്. (ദലിത് കത്തോലിക്കാ മഹാജനസഭ)യിൽ അംഗമായി ചേർന്ന് സജീവമായി പ്രവർത്തിക്കാനും സഭാംഗങ്ങളായ എല്ലാ ദലിത് ക്രൈസ്തവരോടും അഭ്യർത്ഥിക്കുന്നു.

ഭാരത കത്തോലിക്കാ മെത്രാൻസമിതിയുടെ ആഹ്വാനപ്രകാരം സ്വാതന്ത്ര്യദിനം കഴിഞ്ഞുവരുന്ന ഞായറാഴ്ച ജസ്റ്റിസ് സൺഡേ ആയി ആചരിക്കുകയാണ്. 2016 ആഗസ്റ്റ് 21-ന് നമ്മുടെ



എല്ലാ രൂപതകളിലെ ഇടവകകളിലും ദലിത് ക്രൈസ്തവരോടുള്ള ആഭിമുഖ്യം പ്രകടമാക്കുന്ന പ്രത്യേകപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. പ്രാർത്ഥനാശുശ്രൂഷകൾ, ബോധവത്ക്കരണക്ലാസ്സുകൾ, പ്രതിഷേധപ്രകടനങ്ങൾ, ദലിത്ക്രൈസ്തവകൂട്ടായ്മകൾ, ക്ഷേമപ്രവർത്തനങ്ങളുടെ വിതരണം തുടങ്ങിയ കർമ്മപരിപാടികൾ ഇവയിൽ ഉൾപ്പെടുത്താവുന്നതാണ്. അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച എടുത്ത് ദലിത് ക്രൈസ്തവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി KCBC SC/ST/BC കമ്മീഷന് നല്കേണ്ടതാണ്. കരുണയുടെ ജൂബിലി വർഷത്തിൽ നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്കാ 6:36) എന്ന യേശുനാഥന്റെ തിരുവചനം ദലിതരോട് നമ്മൾ കാണിക്കുന്ന കാരുണ്യമായി സാക്ഷാത്ക്കരിക്കപ്പെടട്ടെ. ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025



# രൂപതക്കച്ചേരി

## C. 55/16 Monthly Recollection for Priests

മെയ് മാസത്തെ പഠനവിഷയം: കാരുണ്യത്തിന്റെ മുഖം (MISERICORDIAE VULTUS - കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന) 18-19 നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

## C. 56/16 Presbyteral Council

An ordinary meeting of the Presbyteral Council of the Eparchy of Idukki will be held on 2nd August (Tuesday) 2016 at the Bishop's House, Karimpan.

Time: 10.30 am - 2.00 pm.

*Secretary*

## C. 57/16 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| റവ. ഫാ. ഡൊമിനിക് കോയിക്കൽ | ആഗസ്റ്റ് 8 |
| റവ. ഫാ. ഡൊമിനിക് കാരിവേലിൽ | ” |

# ക്രിസ്തുജ്യോതി

## CJ. 54/16 സ്റ്റഡി ഫോറവും പ്രാർത്ഥനാദിനവും

ആഗസ്റ്റ് മാസത്തിലെ സ്റ്റഡി ഫോറവും പ്രാർത്ഥനാദിനവും ആഗസ്റ്റ് 21 ന് ആണ് നടത്തേണ്ടത്. സ്റ്റഡി ഫോറം വിഷയം: ''ആരാധനക്രമം വിശ്വാസ പരിശീലനം'' എന്ന പുസ്തകത്തിലെ മൂന്നാം അദ്ധ്യായം പേജ് 38 മുതൽ 52 വരെ.



## CJ. 55/16 സ്റ്റാഫ് സ്റ്റേറ്റ്മെന്റ്

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് ഇതുവരെ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിച്ചിട്ടില്ലാത്ത സൺഡേ സ്കൂളുകൾ എത്രയും വേഗം അവ ക്രിസ്തുജ്യോതി ഓഫിസിൽ എത്തിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## CJ. 56/16 വിജയജ്യോതി

'വിജയജ്യോതി' പദ്ധതികൊണ്ടുള്ള പ്രയോജനം എന്തെന്ന് മാതാപിതാക്കളേയും കുട്ടികളേയും ബോധ്യപ്പെടുത്തുവാനും വിജയജ്യോതി ചാർട്ട് പരിചയപ്പെടുത്തുവാനും രൂപതാ റിസോഴ്സ് ടീമിനെ സജ്ജമാക്കിയിട്ടുണ്ട്. രൂപതാ റിസോഴ്സ് ടീമംഗങ്ങളെ ആവശ്യമുള്ള ഇടവകകൾ ക്രിസ്തുജ്യോതി ഓഫീസുമായി ബന്ധപ്പെട്ടതിനുശേഷം മാത്രമേ ഡേറ്റ് ഉറപ്പിക്കാവൂ. ഒരോ ഇടവകയ്ക്കും ആവശ്യമായ ചാർട്ടുകളുടെ എണ്ണം ക്രിസ്തുജ്യോതി ഓഫീസിൽ മുൻകൂട്ടി ബുക്കുചെയ്തതിനുശേഷം വാങ്ങാൻ വരുമല്ലോ. കാർഡ് ഒന്നിന് 2 രൂപയാണ് വില.

## CJ. 57/16 2-ാം ക്ലാസിലെ കിറ്റ്

2-ാം ക്ലാസിലെ കിറ്റ് എത്തിയിട്ടുണ്ട്. കിറ്റിന് ഓർഡർ നല്കിയിട്ടുള്ളവർ ക്രിസ്തുജ്യോതി ഓഫീസിൽ നിന്ന് കിറ്റ് വാങ്ങേണ്ടതാണ്.

# സോഷ്യൽ സർവ്വീസ്

## SS 56/16 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

**മുരിക്കാശ്ശേരി**

മുരിക്കാശ്ശേരി യൂണിറ്റിന്റെ വാർഷികം ജൂൺ മാസം 25-ാം തീയതി രാവിലെ 11.30 ന് എച്ച്.ഡി.എസ്. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കലിന്റെ സാന്നിദ്ധ്യത്തിൽ നടന്നു.

യൂണിറ്റ് പ്രസിഡന്റ് ശ്രീമതി ജിജി ടോമി അദ്ധ്യക്ഷത വഹിച്ച യോഗം വാത്തിക്കുടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. രാജു ഉദ്ഘാടനം ചെയ്തു. യൂണിറ്റിൽ അംഗമായ സാമ്പത്തികമായി പിന്നോക്കം നിലക്കുന്ന ഒരാൾക്ക് ഒരാട്ടിൻ കുഞ്ഞിനെ നല്കുകയും, തയ്യൽ പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ നല്കുകയും ചെയ്തു. ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. നോബിൾ വടക്കേൽ, യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ജോസഫ് നരിതൂക്കിൽ, മറ്റ് യൂണിറ്റ് ഭാരവാഹികൾ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**ജോസ്പുരം**

ജോസ്പുരം യൂണിറ്റിന്റെ വാർഷികം ജൂൺ മാസം 25-ാം തീയതി എച്ച്.ഡി.എസ്. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കലിന്റെ സാന്നിദ്ധ്യത്തിൽ നടന്നു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് യോഗം ഉദ്ഘാടനം ചെയ്തു. നൂറോളം അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽഎല്ലാ സംഘങ്ങളും തങ്ങളുടെ വാർഷിക റിപ്പോർട്ടും കണക്കുകളും അവതരിപ്പിച്ചു. രക്ഷാധികാരി റവ. ഫാ. ജെയിംസ് പാലയ്ക്കാമറ്റം, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**കഞ്ഞിക്കുഴി**

കഞ്ഞിക്കുഴി യൂണിറ്റിന്റെ വാർഷികം ജൂലൈ 16-ാം തിയതി ശനിയാഴ്ച എച്ച്.ഡി.എസ്. ഡയറക്ടർറവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കലിന്റെ സാന്നിദ്ധ്യത്തിൽ നടന്നു. രക്ഷാധികാരി റവ. ഫാ. ജോൺ മുണ്ടയ്ക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീബാ ജയൻ പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. കഞ്ഞിക്കുഴി അസി. വികാരി റവ. ഫാ. ആന്റണി പാറക്കടവിൽ, ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ്, സെൻട്രൽ കമ്മറ്റി അംഗം ശ്രീ. ജോയൽ എന്നിവർ പരിപാടിയിൽ സംബന്ധിച്ചു.

**തട്ടേക്കണ്ണി**

തട്ടേക്കണ്ണി യൂണിറ്റിന്റെ വാർഷികം രക്ഷാധികാരി റവ. ഫാ.



ഡൊമിനിക് കാരിവേലിയുടെ അദ്ധ്യക്ഷതയിൽ നടന്നു. യൂണിറ്റിലെ അഞ്ച് സംഘങ്ങളുടെയും പ്രസിഡന്റുമാർ റിപ്പോർട്ടുകളും കണക്കുകളും അവതരിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീമതി അന്നമ്മ, ശ്രീമതി മേരി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### SS 57/16 'തീരം' സംഘ രൂപീകരണം

എച്ച്.ഡി.എസിന്റെ കീഴിലുള്ള ഭിന്നശേഷിയുള്ളവരുടെ സംഘടനയായ 'തീര'ത്തിന്റെ നാല് പുതിയ സംഘങ്ങൾ മരിയാപുരം, തങ്കമണി, പാണ്ടിപ്പാറ, വിമലഗിരി എന്നീ സ്ഥലങ്ങളിലായി രൂപീകരിച്ചു.

### SS 58/16 ഹരിതസമൃദ്ധി പദ്ധതി വിലയിരുത്തൽ

എച്ച്.ഡി.എസ്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി മറയൂരിൽ നടപ്പിലാക്കുന്ന ഹരിതസമൃദ്ധി പദ്ധതിയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും ഫീൽഡ് സന്ദർശനവും ജൂലൈ 16 മുതൽ 19 വരെ നടന്നു. വയനാട്ടിൽ നിന്നുള്ള വാട്ടർ ഷെഡ് ഫോർ ഗ്രീൻ എന്ന ഏജൻസിയുടെ കൺസൾട്ടന്റ് ആയ ശ്രീ. ധനേഷ് മരോളി ആണ് പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തിയത്.

### SS 59/16 തയ്യൽ പരിശീലനം

വനിതകളുടെ സ്വയം തൊഴിൽ പരിശീലനപരിപാടിയുടെ ഭാഗമായി മുരിക്കാശ്ശേരി, നെടുംകണ്ടം, മരിയാപുരം എന്നീ യൂണിറ്റുകളിലായി ഒരു മാസം നീണ്ടുനിന്ന തയ്യൽ പരിശീലന പരിപാടി നടത്തി.പരിപാടിയിൽ നൂറോളം വനിതകൾ പങ്കെടുത്തു. പരിശീലനം പൂർത്തിയാക്കിയ എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

### SS 60/16 നബാർഡ് ഓഫീസേഴ്സ് സന്ദർശനം

പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി ഇരട്ടയാർ, നെടുംകണ്ടം, പാമ്പാടുംപാറ പഞ്ചായത്തുകളിൽ സൊസൈറ്റി നടത്തി വരുന്ന ആശാരിക്കവല നീർത്തട പദ്ധതിയെക്കുറിച്ച്

പഠിക്കുന്നതിനായി നബാർഡ് ഓഫീസേഴ്സ് പദ്ധതിപ്രദേശം സന്ദർശിക്കുകയും പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുകയും ചെയ്തു. ഇരട്ടയാർ കൃഷി ഓഫീസർ ശ്രീ. ശ്രീകുമാർ പദ്ധതിയെക്കുറിച്ചുള്ള വിശദീകരണം നടത്തി. പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിനീഷ്, പഞ്ചായത്ത് മെമ്പർ ശ്രീമതി പ്രിയ, നീർത്തട കമ്മറ്റി അംഗങ്ങൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### SS 61/16 അക്ഷയ സെന്റർ ഉദ്ഘാടനം

വിമലഗിരി അക്ഷയ സെന്റർ തടിയമ്പാട് മഠത്തിൻകടവ് ഫാത്തിമാമാതാ ബിൽഡിംഗിലുള്ള പുതിയ മുറിയിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു.

## തിരുബാലസഖ്യം

### HC 19/16

തിരുബാലസഖ്യത്തിന്റെ പ്രവർത്തനങ്ങൾ ശാഖകളിൽ തുടങ്ങിക്കാണുമല്ലോ. മാർഗ്ഗരേഖയനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുവാനും റിപ്പോർട്ടായി എഴുതി സൂക്ഷിക്കുവാനും ശ്രദ്ധിക്കണേ. മാർഗ്ഗരേഖ ഇനിയും ലഭിക്കാനുള്ളവർ രൂപതാകേന്ദ്ര ത്തിൽ നിന്നോ വാഴത്തോപ്പ് കത്തീഡ്രലിൽ നിന്നോ വാങ്ങുമല്ലോ.

### HC 20/16 മത്സരങ്ങൾ

ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ **'റാലി competition'** -ഉം **'on the spot കയ്യെഴുത്തുമാസികയും'** നടത്തപ്പെടുന്ന സ്ഥലങ്ങൾ:

| | |
|---|---|
| ആഗസ്റ്റ് 20- വാഴത്തോപ്പ് | സെപ്റ്റംബർ 17- വെള്ളയാംകുടി |
| ആഗസ്റ്റ് 24- നെടുംകണ്ടം | സെപ്റ്റംബർ 24- രാജാക്കാട് |
| ആഗസ്റ്റ് 27-ഇരട്ടയാർ | |

മത്സരത്തിനു വരുന്ന കുട്ടികൾ രാവിലെ 10.00 മണിക്കു മുമ്പായി എത്തിച്ചേരണം. 10.00 മുതൽ 11.00 വരെ റാലിയും 11.00



മുതൽ 12.00 വരെ 'on the spot കയ്യെഴുത്തുമാസികയും' നടത്തപ്പെടുന്നു. കയ്യെഴുത്ത് മാസിക തയ്യാറാക്കുവാൻ ആവശ്യമായ പേപ്പർ (A4 size) കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവിരങ്ങൾക്ക് മാർഗ്ഗരേഖയിലെ പേജ് 17 കാണുക. ഓരോ ഫൊറോനയിലെയും എല്ലാ ശാഖകളിൽനിന്നും കുട്ടികളെ കൊണ്ടുവരുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും മോഡറേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

### HC 21/16 മേഖലാ കലോത്സവം

രൂപതയിലെ 10 ഫൊറോനകളിലും സെപ്റ്റംബർ 21-ാം തീയതി ബുധനാഴ്ച മേഖലാ കലോത്സവം നടത്തുന്നതാണ്. മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് സെപ്റ്റംബർ 10-ാം തീയതിക്കു മുമ്പായി അതാതു മേഖലാ മോഡറേറ്റേഴ്സിനെ ഏൽപിക്കണം. മാർഗ്ഗരേഖയിലെ പേജ് 17 കാണുക.

### HC 22/16 പ്രവർത്തനവർഷ ഉദ്ഘാടനവും, ആനിമേറ്റേഴ്സ് - ലീഡേഴ്സ് മീറ്റും

ഇടുക്കി രൂപതാ തിരുബാലസഖ്യത്തിന്റെ 2016-17 പ്രവർത്തനവർഷ ഉദ്ഘാടനം വെരി. റവ. ഫാ. ജെയിംസ് മംഗലശ്ശേരിൽ നിർവ്വഹിച്ചു. വെരി. റവ. ഫാ. ജോസ് ചെമ്മരപ്പള്ളിൽ പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്തു. രൂപതാ പ്രസിഡന്റായി എഡ്വിൻ ജിജുവും സെക്രട്ടറിയായി ജെസ്‌ലിൻ ജോസും തിരഞ്ഞെടുക്കപ്പെട്ടു.

## ചെറുപുഷ്പ മിഷൻലീഗ്

### CML 25/16 രൂപതാ സാഹിത്യമത്സരം

സി.എം.എൽ. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് മാസം 2-ാം തീയതി രൂപതയിലെ 6 സെന്ററുകളിൽ രാവിലെ 9.30 മുതൽ രൂപതാ സാഹിത്യമത്സരം നടത്തുന്നു.

**സെന്ററുകൾ**

1. വാഴത്തോപ്പ്: സെന്റ് ജോർജ് H.S.S. വാഴത്തോപ്പ്
2. മുരിക്കാശ്ശേരി: സെന്റ് മേരീസ് H.S.S. മുരിക്കാശ്ശേരി
3. വെള്ളയാംകുടി: സെന്റ് ജെറോം H.S.S. വെള്ളയാംകുടി
4. നെടുകണ്ടം: സെന്റ് സെബാസ്റ്റ്യൻ H.S.S. നെടുകണ്ടം
5. അടിമാലി: ഫാത്തിമ മാതാ H.S.S. കുമ്പൻപാറ
6. രാജാക്കാട്: നിർമ്മല സെന്റർ ഒഫ് എക്സലെൻസ്

## CML 26/16 കാരുണ്യവർഷ തീർത്ഥാടനം

സി.എം.എൽ. ഇടുക്കി രൂപതാ ഒരുക്കുന്ന കാരുണ്യവർഷ തിർത്ഥാടനം ജൂലൈ 31, ആഗസ്റ്റ് 7, 21, 28 തീയതികളിൽ നടത്തുന്നു.

ജൂലൈ 31 : സെന്റ് ജൂഡ് ചർച്ച്, അടിമാലി
ആഗസ്റ്റ് 07 : സെന്റ് ജോർജ് കത്തീഡ്രൽ, വാഴത്തോപ്പ്
ആഗസ്റ്റ് 21 : ദൈവമാതാ ചർച്ച്, രാജകുമാരി.
ആഗസ്റ്റ് 28 : സെന്റ് ജോർജ് ചർച്ച്, വെള്ളയാംകുടി.

**പ്രോഗ്രാം**

01.30 p.m. - എത്തിച്ചേരുന്നു
02.00 p.m. - തീർത്ഥാടന റാലി
03.00 p.m. - സന്ദേശം
04.00 p.m. - വി. കുർബാന

തീർത്ഥാടനത്തിന്റെ മുഴുവൻ സമയത്തും ജീസ്സസ് യൂത്ത് ഒരുക്കുന്ന കാരുണ്യവർഷ എക്സിബിഷൻ ഉണ്ടായിരിക്കും.

N.B: തീർത്ഥാടനത്തിന് വരുന്നവർ കുമ്പസാരിച്ച് ഒരുങ്ങി വരേണ്ടതാണ്. കരുണയുടെ രൂപവും മിഷൻ ലീഗ് പതാകകളുമായി ഏറ്റവും മനോഹരമായി വാഹനം അലങ്കരിച്ചെത്തുന്ന ഇടവകയ്ക്ക് ട്രോഫി നൽകുന്നതാണ്.

## CML 27/16 കുഞ്ഞേട്ടൻ ചരമദിന സമ്മേളനം

സ്ഥാപകനേതാവ് പി.സി. അബ്രാഹം പുല്ലാട്ടുകുന്നേൽ 7-ാം ചരമവാർഷികവും കുഞ്ഞേട്ടൻ അനുസ്മരണവും ആഗസ്റ്റ്



13-ാം തീയതി ശനിയാഴ്ച ശാഖകളിൽ നടത്തുക. അന്നേ ദിവസം പൊതു ദിവ്യകാരുണ്യ സ്വീകരണവും അസാധാരണ സമ്മേളനവും നടത്തുക.

## CML 28/16 സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനവും

പരി. കന്യകാമറിയത്തിന്റെ സ്വാർഗ്ഗാരോപണ തിരുനാളും ഭാരത സ്വാതന്ത്ര്യദിനവും സമുചിതമായി ശാഖകളുടെ നേതൃത്വത്തിൽ ആഘോഷിക്കുക.

## CML 29/16 രൂപതാ മാനേജിംഗ് കമ്മറ്റി, കൗൺസിൽ വാർഷികം, അവാർഡ് ദാനം, പ്രവർത്തനവർഷ ഉദ്ഘാടനം

സി.എം.എൽ. ഇടുക്കി രൂപതയുടെ 2016-17 പ്രവർത്തന വർഷത്തെ രൂപതാ മാനേജിംഗ് കമ്മറ്റി 2016 ജൂലൈ 15-ാം തീയതി മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വൈകിട്ട് 7.00 p.m. ന് രൂപതാ പ്രസിഡന്റ് ശ്രീ. ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. റവ. ഫാ. ജോസ് നരിതൂക്കിൽ മാനേജിംഗ് കമ്മറ്റി ഉദ്ഘാടനം ചെയ്തു. തുടർന്ന് ഇടുക്കി രൂപതാ പ്രൊക്യുറേറ്റർ റവ. ഡോ. ജോർജ് കുഴിപ്പള്ളി ക്ലാസ്സ് നയിച്ചു. തുടർന്ന് രൂപതാ സെക്രട്ടറി 2015-16 പ്രവർത്തനവർഷത്തെ വാർഷിക റിപ്പോർട്ടും കണക്കും ഓഡിറ്റ് റിപ്പോർട്ടും അവതരിപ്പിച്ച് പാസ്സാക്കി. രൂപതാ ജനറൽ ഓർഗനൈസർ ശ്രീ. ബിനോയി കടുവനാൽ പ്രവർത്തന മാർഗ്ഗരേഖ അവതരിപ്പിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു അരയത്തിനാൽ സ്വാഗതവും ശ്രീ. ബിനോയി ചെമ്മരപ്പള്ളി നന്ദിയും രേഖപ്പെടുത്തി. തുടർന്ന് സംസ്ഥാന പ്രസിഡന്റ് ബെന്നി മുത്തനാട്ടിന്റെ നേതൃത്വത്തിൽ ഒഴിവുള്ള സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പും നടത്തി. രൂപതാ കൗൺസിലും വാർഷികവും അവാർഡ് ദാനവും പ്രവർത്തനവർഷ ഉദ്ഘാടനവും 2016 ജൂലൈ 16-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണിക്ക് രൂപതാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഇടുക്കി രൂപതാ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്ത കൗൺസിലിൽ റവ. ഫാ. ജോസ് നരിതൂക്കിൽ അനുഗ്രഹ പ്രഭാഷണവും റവ. ഫാ. ഡോ. ജെയിംസ് പുന്നപ്ലാക്കൽ ആശംസയും സി. വിനിത CSN മിഷൻ ഷെയറിംഗും നടത്തി. തുടർന്ന് അഭിവന്ദ്യ പി

താവ് അവാർഡ് ദാനവും നടത്തി. കൗൺസിലിന് രൂപത ഡയറക്ടർ റവ. ഫാ. മാത്യു അരയത്തിനാൽ സ്വാഗതവും ശ്രീ. ബിനോയി ചെമ്മ രപ്പള്ളി നന്ദിയും രേഖപ്പെടുത്തി. രൂപതാ കൗൺസിലിൽ പങ്കെടുത്ത് വിജയിപ്പിച്ച് എല്ലാ മിഷൻ കുടുംബാംഗങ്ങൾക്കും രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദിയറിയിക്കുന്നു.

### CML 30/16 2015-16 വർഷത്തെ ബെസ്റ്റ് ശാഖകൾ

| A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|
| 1. ഉദയഗിരി | 1. മച്ചിപ്ലാവ് | 1. രാജപുരം |
| 2. വാഴത്തോപ്പ് | 2. തൊവരയാർ | 2. കുതിരക്കല്ല് |
| 3. എഴുകുംവയൽ | | 3. കുരിശുപാറ |

സമ്മാനർഹരായ ശാഖകളുടെ ഡയറക്ടറച്ചന്മാർക്കും, വൈസ് ഡയറക്ടറച്ചന്മാർക്കും, ശാഖാ ഭാരവാഹികൾക്കും, പ്രവർത്തകർക്കും അഭിനന്ദനങ്ങൾ

## കെ.സി.എസ്.എൽ.

### KCSL 30/16 രൂപതാതല പ്രവർത്തനോദ്ഘാടനം

കെ.സി.എസ്.എൽ. സംഘടനയുടെ ഈ വർഷത്തെ രൂപ താതല പ്രവർത്തനോദ്ഘാടനം 2016 ജൂലൈ 29 വെള്ളിയാഴ്ച പാറ ത്തോട് സെന്റ് ജോർജ്ജ് എച്ച്.എസ്.എസ്. -ൽ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നിർവ്വഹിച്ചു. ഇടുക്കി രൂപതാ വിദ്യാഭ്യാസ സെക്ര ട്ടറി റവ. ഫാ. ജോസ് കരിവേലിക്കൽ മുഖ്യപ്രഭാഷണവും, ഈ വർഷത്തെ മാർഗ്ഗരേഖയുടെ പ്രകാശനവും നിർവ്വഹിച്ചു. സ്കൂൾ മാനേജർ റവ. ഫാ. ജോസ് ചിറ്റടി, സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. ജോസഫ് ജോൺ, കെ.സി.എസ്.എൽ. രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു പുതുപ്പറമ്പിൽ എന്നിവർ ആശംസകൾ അറിയിച്ചു.



### KCSL 31/16 റീജിയണൽ സെമിനാർ

യു.പി., ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗം കെ.സി. എസ്.എൽ. അംഗങ്ങൾക്കായി വാഴത്തോപ്പ്, ഇരട്ടയാർ, മുരിക്കാശ്ശേ രി, തോക്കുപാറ എന്നീ 4 സെന്ററുകളിൽ സെമിനാർ നടത്തി. കുട്ടി കളെ പങ്കെടുപ്പിച്ച എല്ലാ മേലധികാരികൾക്കും ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി.

### KCSL 32/16 ജീവിത വിശുദ്ധീകരണ ധ്യാനം

U.P., H.S., H.S.S., കുട്ടികൾക്കായി ആഗസ്റ്റ് 12-ന് വൈകു ന്നേരം 4 മണിമുതൽ 15 ന് രാവിലെ 9 മണിവരെ മുരിക്കാശ്ശേരി പട മുഖം സ്നേഹമന്ദിരം ധ്യാനകേന്ദ്രത്തിൽ വച്ച് ജീവിത വിശുദ്ധീക രണ ധ്യാനം സംഘടിപ്പിച്ചിരിക്കുന്നു. 2 ബാച്ചുകളിലായിട്ടാണ് ധ്യാനം നടത്തുക. U.P. വിഭാഗത്തിൽ നിന്ന് 100 കുട്ടികൾക്കും H.S. & H.S.S. വിഭാഗത്തിൽ നിന്ന് 125 കുട്ടികൾക്കും ധ്യാനത്തിൽ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കും. ഫീസ് 500/- രൂപയായിരിക്കും. എല്ലാ സ്കൂളുകളിൽ നിന്നും പ്രാതിനിധ്യം ഉണ്ടാകുമല്ലോ. പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം ആഗസ്റ്റ് 5-ാം തിയതിക്ക് മുമ്പ് രൂപതാ ഭാരവാ ഹികളെ അറിയിക്കണം.

### KCSL 33/16 അംഗത്വ സ്വീകരണം

കെ.സി.എസ്.എൽ. രൂപതാതല അംഗത്വസ്വീകരണ ഉദ്ഘാ ടനം ആഗസ്റ്റ് 4-ാം തീയതി കൈലാസം സെന്റ് ജോസഫ് എൽ.പി. സ്കൂളിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പുതുപ്പറമ്പിൽ നിർവ ഹിക്കും. അംഗത്വ ലിസ്റ്റും പ്രവർത്തനഫണ്ടും പരമാവധി നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

### KCSL 34/16 പഠന പുസ്തകങ്ങൾ

കെ.സി.എസ്.എൽ. ന്റെ ഈ വർഷത്തെ പഠന പുസ്തക ങ്ങൾ: "ജീവനും, ജീവിതവും സഹജീവികൾക്കായി", "വിശുദ്ധ ദമ്പ തികൾ" കെ.സി.എസ്.എൽ. ചരിത്ര പുസ്തകം, കെ.സി.എസ്.എൽ. പ്രാർത്ഥനാ പുസ്തകം എന്നിവ രൂപതാ കേന്ദ്രത്തിൽ ലഭ്യമാണ്.

## KCSL 35/16 രൂപതാ വിദ്യാർത്ഥി ഭാരവാഹികൾ

ചെയർമാൻ : ഡിമൽ സാവിയോ ജയിംസ് STHSS Erattayar
ജന. സെക്രട്ടറി: എമിലിൻ ജോയി SMHS Vazhavara
HSS സെക്രട്ടറി: ടോം ജോസഫ് SJHSS Vellayamkudy
: ആര്യാ മോൾ ജാൻസൺ SGHSS Vazhathoppe
HS സെക്രട്ടറി : റെറ്റിൻ ജോസഫ് STHS Punnayar
: ചില്ലു ജോജോ Vijaya Matha Pabulic School Thookupalam
UP സെക്രട്ടറി : ജെനിൽ രാജേഷ് St. Thomas Public School Karimban
: ജോർജ്ജ് സെബാസ്റ്റ്യൻ SJUSS Vellayamkudy
: ബെസ്റ്റി തങ്കച്ചൻ SJUSS Vellayamkudy
LP സെക്രട്ടറി : ജോർജ്ജുകുട്ടി സി.ജെ. Newman L.P.S Idukki
: ജെസ്‌ലിൻ ജോയി SJLPS Vazhavara.

# കെ.സി.വൈ.എം.

## KCYM 29/16 യോബേൽ 2016

ദൈവകരുണയുടെ ജൂബിലി വർഷത്തിൽ രൂപതയിലെ യുവജനങ്ങൾ കരുണയുടെ തീർത്ഥാടന കേന്ദ്രങ്ങളിൽ ഒരുമിച്ചുകൂടി. ''യോബേൽ 2016'' എന്ന പേരിൽ നടത്തിയ യുവജന സംഗമങ്ങളിൽ നാലുസ്ഥലങ്ങളിലുമായി ഏകദേശം 1200 യുവജനങ്ങൾ പങ്കെടുത്തു. ജൂലൈ 10 ന് അടിമാലിയിൽ യുവജനദിനാചരണവും, ജൂലൈ 17 ന് രാജകുമാരിയിൽ ജസ്റ്റിസ് സൺഡേയും ജൂലൈ 24 ന് വെള്ളയാംകുടിയിൽ അവയവ-രക്തദാന ദിനവും ജൂലൈ 31 ന് വാഴത്തോപ്പിൽ മദർ തെരേസ അനുസ്മരണവും യോബേലിനോടു ചേർന്നു നടത്തി. കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ റവ. ഫാ. മാത്യൂ ജേക്കബ് തിരുവാലിൽ, പ്രസിഡന്റ് ശ്രീ സിജോ ഇലന്തൂർ, ശ്രീ. ആന്റണി മുനിയറ, ശ്രീ. സണ്ണി കടൂത്താഴെ, റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ തുടങ്ങിയർ പങ്കെടുത്തു. വളരെ ആത്മാർത്ഥതയോടെ ''യോബേൽ 2016'' നോട് സഹകരിച്ച എല്ലാ വികാരിയച്ച



ന്മാർക്കും പ്രത്യേകിച്ച് തീർത്ഥാടന കേന്ദ്രങ്ങളിലെ അച്ചൻമാർക്കും നന്ദി പറയുന്നു. എല്ലാ കാര്യങ്ങളും മനോഹരമാക്കിയ യുവജന നേതൃത്വത്തിനും നന്ദി.

## KCYM 30/16 അർദ്ധവാർഷിക കൗൺസിൽ

കെ.സി.വൈ.എം. ഇടുക്കി രൂപതാ അർദ്ധവാർഷിക കൗൺസിൽ ആഗസ്റ്റ് 24-ാം തിയതി ബുധനാഴ്ച കരിമ്പൻ സെന്റ് മേരിസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു.എല്ലാ ഇടവകകളിലും നിന്ന് ഭാരവാഹികളെ പങ്കെടുപ്പിക്കുവാൻ ബഹുമാനപ്പെട്ട അച്ചന്മാരും നേതൃത്വവും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കെ.സി.വൈ.എം. യൂണിറ്റ് ഇല്ലാത്ത ഇടവകകളിൽ യുവജനങ്ങളെ ഒരുമിച്ചുകൂട്ടി സംഘടനാ പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കണെ.

# ഫാമിലി അപ്പോസ്റ്റലേറ്റ്

## FA 22/16 ഏലിശ്വാ ധ്യാനം

ഗർഭസ്ഥ ശിശുക്കളുടെ മാതാപിതാക്കൾക്കായുള്ള ഈ ധ്യാനത്തിൽ വചന ബോദ്ധ്യങ്ങൾക്കൊപ്പം, ഗൈനക്കോളജി, ശിശുരോഗവിദഗ്ദ്ധർ മനശാസ്ത്ര ക്ലാസുകളും കൗൺസിലിങ്ങും ആന്തരിക സൗഖ്യാരധനയും ക്രമികരിച്ചിരിക്കുന്നു. മൂന്നാമത്തെ കുഞ്ഞുങ്ങളെ പ്രതീക്ഷിക്കുന്നവർ മുതൽ സൗജന്യമാണ് ഈ ധ്യാനം. അല്ലാത്തവർക്ക് രജി. ഫീ. ഉണ്ടായിരിക്കും. ആഗസ്റ്റ് 19 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്കാരംഭിച്ച് 21 ഞായറാഴ്ച ഉച്ചക്ക് സമാപിക്കുന്നു.

## FA 23/16 വിവാഹ ഒരുക്ക സെമിനാർ

2016 ആഗസ്റ്റ് 15 തിങ്കൾ - 17 ബുധൻ, ആത്മജ്യോതി, അടിമാലി.
2016 സെപ്റ്റംബർ 02 തിങ്കൾ - 04 ബുധൻ, ,,
2016 സെപ്റ്റംബർ 26 തിങ്കൾ - 28 ബുധൻ, ,,

**FA 24/16 കൊയ്നോണിയ ഫാമിലി സെന്റർ**

ദാമ്പത്യ കൗൺസിലിംഗ്, കുടുംബ കൗൺസിലിംഗ് ഇവയിൽ പരിശീലനം ലഭിച്ച വിദഗ്ദ്ധരുടെ സേവനം സെന്ററിൽ ലഭ്യമാണ് തിങ്കൾ-ചൊവ്വ-ബുധൻ ദിവസങ്ങളിലോ ആഴ്ചയിൽ ക്രമീകരിക്കപ്പെടുന്ന മറ്റു ദിവസങ്ങളിലോ, സേവനം ആവശ്യമുള്ളവരെ പറഞ്ഞയക്കണേ.

ഫോൺ : 9496895111, 9656802262

സി. ലീമാ റോസ് C.H.F

ഓഫീസ് സമയം 10 am 4 pm.



## നവോമി കുടുംബ കേന്ദ്രം

**NFC 2/16 നവോമി ധ്യാനം**

2016 ഓഗസ്റ്റ് 18-21 തീയതികളിലായി വിധവകളായ അമ്മമാർക്കുവേണ്ടി വചന ധ്യാനവും ആരാധനാ സ്തുതിപ്പുകളും ക്രമീകരിക്കുന്നു. 18-ാം തീയതി വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച ഉച്ചയ്ക്ക് സമാപിക്കുന്ന പ്രസ്തുത ധ്യാനത്തിന് ഓരോ ഇടവകയിൽ നിന്നും ഒരു വിധവയെ എങ്കിലും പറഞ്ഞയക്കുമല്ലോ. 60 പേർക്കാണ് പ്രവേശനം. ഫീസ് 450 രൂപ.

**NFC 3/16 നവോമി കൂട്ടായ്മകൾ**

2016 ജൂലൈമാസം നമ്മുടെ രൂപതയിലെ താഴെ പറയുന്ന ഇടവകകളിൽ വിധവകൾക്കായി കൂട്ടായ്മകളും പ്രാർത്ഥനാചരണങ്ങളും സംഘടിപ്പിക്കപ്പെട്ടു. ജൂലൈ 16 കൈലാസം, ജൂലൈ 17 വാഴവര, ജൂലൈ 24 മുളകരമേട്, ജൂലൈ 31 പാണ്ടിപ്പാറ, ജൂലൈ 30 തൊവരയാർ. ഇടവകകളിൽ SHG-കൾ രൂപീകരിക്കുന്നതിനും ബഹു. വികാരിമാർ സഹകരണം നല്കുന്നതിന് നന്ദി.



**NFC 4/16 പുനർജ്ജനി റീ കാനലൈസേഷൻ ക്യാമ്പ്**

2016 ആഗസ്റ്റ് 29, 30, 31 തീയതികളിലായി മുരിക്കാശ്ശേരി അൽഫോൻസാ ആശുപത്രിയിൽ വച്ച് ട്യൂബക്ടമിക്ക് (പ്രസവം നിറുത്തൽ) വിധേയരായ സ്ത്രീകൾക്ക് പ്രത്യുത്പാദന ശേഷി വീണ്ടെടുക്കുന്നതിനുള്ള ലാപ്രോസ്കോപിക് സർജറി നടത്തപ്പെടുന്നു. ഇന്ത്യയിൽ ഈ മേഖലയിൽ ഏറ്റവും കൂടുതൽ വിജയ സാദ്ധ്യത നല്കുന്ന ഡോ. ഫിന്റോ വർഗ്ഗീസാണ് നേതൃത്വം നല്കുന്നത്. വിശദവിവരങ്ങൾക്ക് ഡോ. റീജയുമായി സംസാരിക്കുക. ഫോൺ : സി. ഡോ. റീജാ എഫ്.സി.സി. - 8281378102



## പ്രാർത്ഥനാ ഗ്രൂപ്പ്

**PG 23/16 സോണൽ ലീഡേഴ്സ് കൂട്ടായ്മ**

27-7-2016 ബുധനാഴ്ച 5.00 pm മുതൽ 9.00 pm വരെ മുരിക്കാശ്ശേരി പള്ളിയിൽ ഇടുക്കി സോണൽ പ്രർത്ഥനാ ഗ്രൂപ്പ് ലീഡേഴ്സിന്റെയും, സബ്-സോൺ സർവ്വീസ് ടീം അംഗങ്ങളുടെയും കൂട്ടായ്മ നടന്നു. രൂപതാ പ്രാർത്ഥന ഗ്രൂപ്പ് ഡയറക്ടർ ഫാ. ജോസഫ് കോയിക്കൽ കൂട്ടായ്മയ്ക്ക് നേതൃത്വം നല്കി.

**PG 24/16 സബ്-സോൺ സന്ദർശനം**

16-7-2016 ശനിയാഴ്ച 10.00 am മുതൽ 1.00 pm വരെ കരിമ്പൻ പള്ളിയിൽ വച്ച് നടന്ന വാഴത്തോപ്പ് സബ്-സോണിന്റെ സെമിനാറിന് രൂപതാ പ്രാർത്ഥനാ ഗ്രൂപ്പ് ഡയറക്ടർ ഫാ. ജോസഫ് കോയിക്കലും, സോണൽ സർവ്വീസ് ടീമും നേതൃത്വം നല്കുകയും തുടർന്ന് സബ്സോണിന്റെ നവീകരണ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുകയുമുണ്ടായി.

**PG 26/16 ജീസ്സസ് യൂത്ത് സോണൽ ഒത്തുചേരൽ**

പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ട ജീസ്സസ് യൂത്തിന്റെ ഇടുക്കി സോണൽ ഫാമിലി കൂട്ടായ്മ 6-7-2016 ന് മുരി

ക്കാശ്ശേരി പാവനാത്മാ കോളേജിൽ 10.00 am മുതൽ 3.30 pm വരെ നടന്നു. പെരിയ ബഹു. മോൺ. ജെയിംസ് മംഗലശ്ശേരിയും രൂപതാ പ്രാർത്ഥനാ ഗ്രൂപ്പ് ഡയറക്ടർ ബഹു. ഫാ. ജോസഫ് കോയിക്കലും സോണൽ കോ-ഓർഡിനേറ്റർ ജോസുകുട്ടി ചക്കുങ്കലും സജി പന്നിയാർകുട്ടിയും കൂട്ടായ്മയ്ക്ക് നേതൃത്വം നൽകി.

### PG 27/16 തോപ്രാംകുടി സബ്-സോൺ സന്ദർശനം

ആഗസ്റ്റ് 2-ാം ശനിയാഴ്ച 5.00 pm മുതൽ 9.00 pm വരെ തോപ്രാംകുടി പള്ളിയിൽ നടക്കുന്ന സബ്-സോൺ കൂട്ടായ്മയ്ക്ക് രൂപതാ ഡയറക്ടർ ഫാ. ജോസഫ് കോയിക്കലും, സോണൽ സർവ്വീസ് ടീം അംഗങ്ങളും നേതൃത്വം നൽകുന്നു. തുടർന്ന് തോപ്രാംകുടി സബ്-സോൺ സർവീസ് ടീമിനോപ്പം ചർച്ച നടത്തുന്നതുമാണ്.

## കത്തോലിക്കാ കോൺഗ്രസ്

### AKCC 16/16 സംഘടനാ ശാക്തീകരണം

പുതിയ യൂണിറ്റ് ശാക്തീകരണം, അംഗത്വവിതരണം, യൂണിറ്റ് സന്ദർശനം എന്നീ കാര്യങ്ങൾക്കായി രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് പാട്ടത്തേക്കുഴിയുടെ നേതൃത്വത്തിൽ കൂമ്പൻപാറ ഫൊറോനയിലെ യൂണിറ്റുകളിൽ രൂപതാ/രൂപതാ ഫൊറോന ഭാരവാഹികൾ സന്ദർശനം നടത്തി.

21-07-16 - ആയിരമേക്കർ, കൂമ്പൻപാറ, തോക്കുപാറ, ഇരുമ്പുപാലം, അടിമാലി, മച്ചിപ്ലാവ്, തോക്കുപാറ

22-07-16 - ആനച്ചാൽ, ആനക്കുളം, ജോർജ്ജിയാർ, കല്ലാർ, മാങ്കുളം, വിരിപാറ.

സന്ദർശനത്തിന് ബഹു. വികാരിമാരുടെയും യൂണിറ്റ് ഭാരവാഹികളുടെയും ആത്മാർത്ഥമായ സഹകരണം ലഭിക്കുകയുണ്ടായി.



സന്ദർശക സംഘത്തിൽ രൂപതാ ഡയറക്ടർക്കൊപ്പം രൂപതാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, രൂപതാ വൈസ് പ്രസിഡന്റ്, ഫൊറോന പ്രസിഡന്റ് തുടങ്ങിയവരും ഉണ്ടായിരുന്നു.

### AKCC 17/16 രൂപതാ പ്രവർത്തക സമിതി ജൂലൈ 30 ന്

30.7.2016 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണിക്ക് കരിമ്പനിലെ രൂപതാ ആസ്ഥാനത്തുവച്ച് പ്രവർത്തകസമിതി ചേരുന്നതാണ്. കാരുണ്യവർഷ ഫൊറോന കൺവെൻഷൻ, മതസൗഹാർദ്ദ സമ്മേളനം, സംഘടനാ ശാക്തീകരണം തുടങ്ങിയ കാര്യങ്ങൾ രൂപതാ പ്രസിഡന്റ് ജോർജ്ജ് കോയിക്കലിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ചർച്ച ചെയ്യും.

### AKCC 18/16 കാരുണ്യ വർഷ ഫൊറോന കൺവെൻഷൻ

2016 ആഗസ്റ്റ് 6-ാം തീയതി ശനിയാഴ്ച അടിമാലി ആത്മജ്യോതിയിൽ കാരുണ്യവർഷ ഫൊറോന കൺവെൻഷൻ നടത്തുന്നതാണ്. കൂമ്പൻപാറ ഫൊറോനയിലെ വിവിധ യൂണിറ്റുകളിൽ നിന്നും 700- ലധികം പേർ പരിപാടിയിൽ പങ്കെടുക്കും. ഇടുക്കി രൂപതാ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പരിപാടി ഉദ്ഘാടനം ചെയ്യും. കോട്ടയം നവജീവൻ ട്രസ്റ്റ് ചെയർമാൻ ശ്രീ. പി.യു. തോമസ് മുഖ്യാഥിതി ആയിരിക്കും. രൂപതാ പ്രസിഡന്റ് ജോർജ്ജ് കോയിക്കൽ അദ്ധ്യക്ഷത വഹിക്കും. ഫൊറോനയിലെ വൈദികരും സന്യസ്തരും ഉൾപ്പടെയുള്ളവർ പരിപാടിക്ക് നേതൃത്വം കൊടുത്ത് പങ്കെടുക്കും. കൺവെൻഷന്റെ നടത്തിപ്പിനുവേണ്ടി അടിമാലി ഫൊറോന പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫൊറോന ഡയറക്ടർ ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ, രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി, രൂപതാ പ്രസിഡന്റ് ജോർജ്ജ് കോയിക്കൽ, ജനറൽ സെക്രട്ടറി ജോസ് തോമസ് ഒഴുകയിൽ, വൈസ് പ്രസിഡന്റ് ഡോ. ജോയി കോയിക്കകുടി, വിവിധ യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുക്കുകയുണ്ടായി. കൺവെൻഷന്റെ വിജയത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## AKCC 19/16 ജൂലൈ 27 ന് സംസ്ഥാന വർക്കിംഗ് കമ്മിറ്റി

കത്തോലിക്കാ കോൺഗ്രസിന് നവചൈതന്യം പകരുന്നതിനായി വേണ്ട കാര്യങ്ങൾ ആലോചിക്കുന്നതിന് സംസ്ഥാന വർക്കിംഗ് കമ്മിറ്റി 27.7.2016 (ബുധനാഴ്ച) കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സഭാ തലവനും കർദ്ദിനാളുമായ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ ചേരുന്നു. രൂപതാ ഭാരവാഹികൾ പങ്കെടുക്കും.

## AKCC 20/16 ആഗസ്റ്റ് 15 ന് മതസൗഹാർദ്ദ സമ്മേളനം

കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15 ന് മുരിക്കാശ്ശേരിയിൽ വച്ച് ഒരു മതസൗഹാർദ്ദ സമ്മേളനം നടത്തുന്നതാണ്. ഇടുക്കി രൂപതാ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്യും രൂപതാ പ്രസിഡന്റ് ജോർജ്ജ് കോയിക്കൽ അധ്യക്ഷത വഹിക്കും യോഗത്തിൽ വിവിധ മത നേതാക്കൾ പ്രസംഗിക്കും.

## AKCC 21/16 റബർ ബോർഡ് ഉപരോധിച്ചു

നാണ്യവിളകളുടെ വിലയിടിവിലും റബർ ഇറക്കുമതിയിലും പ്രതിഷേധിച്ച് കത്തോലിക്കാ കോൺഗ്രസ് നടത്തിയ റബർ ബോർഡ് ഉപരോധത്തിൽ ഇടുക്കി രൂപതയിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. രൂപത പ്രസിഡന്റ് ജോർജ്ജ് കോയിക്കൽ, സംസ്ഥാന ട്രഷറർ ജോസുകുട്ടി ജോർജ്ജ് മാടപ്പള്ളിൽ ജനറൽ സെക്രട്ടറി ജോസ് തോമസ് ഒഴുകയിൽ എന്നിവർ പ്രസംഗിച്ചു.

## AKCC 22/16 നിവേദനം നല്കി

ഇടുക്കി മെഡിക്കൽ കോളേജ് നിലനിർത്തുക, ഇടുക്കി പാക്കേജ് നടപ്പിലാക്കുക, വർദ്ധിപ്പിച്ച വസ്തു രജിസ്ട്രേഷൻ ഫീസ് പിൻവലിക്കുക തുടങ്ങിയ കാര്യങ്ങൾ ഉന്നയിച്ച് ബഹു. കേരളാ മുഖ്യമന്ത്രി, ബഹു. കേരളാ ധനമന്ത്രി എന്നിവർക്ക് കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകർ കത്തുകളയച്ചു. രൂപതാ/ സംസ്ഥാന ഭാരവാഹികളുടെ നേതൃത്വത്തിൽ ബഹു. കേരളാ മുഖ്യമന്ത്രി, ബഹു.



കേരളാ ധനമന്ത്രി എന്നിവരെ നേരിൽ കണ്ട് ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾ, കാർഷിക മേഖലയിലെ പ്രതിസന്ധികൾ എന്നിവ ചർച്ച ചെയ്യുന്നതും നിവേദനം സമർപ്പിക്കുന്നതുമാണ്.

# കേരള ലേബർ മൂവ്മെന്റ്

## KLM 39/16 യൂണിറ്റുകൾ രൂപീകരിക്കുന്നു

കേരളാ ലേബർ മൂവ്മെന്റ് നിലവിൽ യൂണിറ്റ് കമ്മറ്റികൾ ഇല്ലാത്ത ഇടവകാതലത്തിൽ ഒരംഗത്തിന് 10 രൂപ മെമ്പർഷിപ്പ് നല്കി കുറഞ്ഞത് 10 അംഗങ്ങൾ എങ്കിലുമുള്ള യൂണിറ്റുകമ്മറ്റികൾ രൂപികരിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ, കൈക്കാരന്മാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവരുടെ സഹകരണം യൂണിറ്റ് രൂപികരണത്തിന് പ്രതീക്ഷിക്കുന്നു. 9495125585

## KLM 40/16 പുതിയ രൂപതാ സെക്രട്ടറി

KLM ഇടുക്കി രൂപതാ സെക്രട്ടറിയായി ബേബി സേവ്യർ കൊച്ചുപറമ്പിലിനെ (എഴുകുംവയൽ) തിരഞ്ഞെടുത്തു. നിലവിലുണ്ടായിരുന്ന സെക്രട്ടറി ഷിന്റോ പാറയ്ക്കൽ (ജോസ്ഗിരി) ജോലി ലഭിച്ച് പോയതിനാലാണ് പുതിയ സെക്രട്ടറിയെ തിരഞ്ഞെടുത്തത്.

## KLM 41/16 വനിതാ ഫോറം രൂപതാ കമ്മറ്റി ഭാരവാഹികൾ

കേരള ലേബർ മൂവ്മെന്റ് വനിതാ ഫോറം ഇടുക്കി രൂപതാ കമ്മറ്റി ഭാരവാഹികളായി പ്രസിഡന്റ് മേഴ്സി ജോസഫ് മാലിക്കുടിയിൽ (പാറത്തോട്), വൈ. പ്രസിഡന്റ് ഷൈനി ഷാജി തെങ്ങുംതെറ്റയിൽ (ചുരുളി), സെക്രട്ടറി ജിൻസി ജോസഫ് (ഭൂമിയാംകുളം), ജോ. സെക്രട്ടറി മിനി പുറത്തേൽ (നെടുങ്കണ്ടം), ട്രഷറർ ബീനാ ടോമി (ഇരട്ടയാർ) എന്നിവരെ തിരഞ്ഞെടുത്തു.

## KLM 42/16 സഭാ ജീവനക്കാരുടെ മക്കൾക്ക് സ്കോളർഷിപ്പ്

ഇടവകകളിൽ സഭാ ജീവനക്കാരായി. (കപ്യാർ) ജോലി ചെ

യ്യുന്ന അംഗങ്ങളുടെ 9, 10, +1, +2 ക്ലാസുകളിൽ പഠിക്കുന്ന മക്കൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. ആഗസ്റ്റ് 10 ന് മുമ്പ്, അപേക്ഷകൾ സമർപ്പിക്കുവാൻ KLM രൂപതാ കമ്മറ്റി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

### KLM 43/16 മോട്ടോർ തൊഴിലാളി ഫോറം

KLM മോട്ടോർ തൊഴിലാളി ഫോറം പ്രസിഡന്റായി ജെയിൻ ജോസഫ് മുഞ്ഞനാട്ട് (മങ്കുവ), സെക്രട്ടറിയായി ജോയിമോൻ ജോസഫ് (രാജപുരം) എന്നിവരെ തിരഞ്ഞെടുത്തു.

### KLM 44/16 സഭാ ജീവനക്കാരുടെ ഫോറം ഭാരവാഹികൾ

KLM സഭാ ജീവനക്കാരുടെ ഫോറം ഭാരവാഹികളായി പ്രസിഡന്റ് ജെയിംസ് സി. വി. ചാപ്പാംതടത്തിൽ (വിമലഗിരി), സെക്രട്ടറി ജോയി എം. വി. മനയത്ത് (കിളിയാർകണ്ടം), സോജൻ സ്കറിയാ മാടക്കൽ (ഉപ്പുതോട്) എന്നിവരെ തിരഞ്ഞെടുത്തു.

### KLM 45/16 കർഷക തൊഴിലാളി ഫോറം ജില്ലാ സമ്മേളനം

KLM കർഷക തൊഴിലാളി ഫോറം ഇടുക്കി ജില്ലാ സമ്മേളനം ആഗസ്റ്റ് 28ന് കരിമ്പനിൽ നടത്തുവാൻ തീരുമാനിച്ചു.

### KLM 46/16 തൊഴിലാളി ഫോറങ്ങൾ രൂപികരിക്കുന്നു

കെ.സി.ബി.സി. ലേബർ കമ്മീഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കേരളാ ലേബർ മൂവ്മെന്റിന്റെ മേൽനോട്ടത്തിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നു. (1) കേരളാ തയ്യൽ തൊഴിലാളി ഫോറം (2) കേരളാ കർഷക തൊഴിലാളി ഫോറം (3) കേരളാ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ഫോറം (4) കേരളാ ചെറുകിടാ തോട്ടം തൊഴിലാളി ഫോറം (5) കേരളാ നിർമ്മാണ തൊഴിലാളി ഫോറം (6) കേരളാ ഗാർഹിക തൊഴിലാളി ഫോറം (7) കേരളാ മത്സ്യ തൊഴിലാളി ഫോറം തുടങ്ങിയ മേഖലകളിലെ തൊഴിലാളികളെ സംഘടി



പ്പിച്ച് സർക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ക്ഷേമനിധികളും മറ്റ് ആനുകൂല്യങ്ങളും നേടികൊടുക്കുവാൻ ഇടവകകൾ തോറും നമുക്ക് തൊഴിലാളികളെ സംഘടിപ്പിക്കാവുന്നതാണ്. താല്പര്യമുള്ളവർ കെ.എൽ.എം. രൂപതാ കമ്മറ്റി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ് - 9495125585.

### KLM 47/16 രൂപതാ കമ്മറ്റി

KLM ഇടുക്കി രൂപതാ കമ്മറ്റി ആഗസ്റ്റ് 13 ശനിയാഴ്ച 11 ന് എഴുകുംവയൽ നിത്യസഹായ മാതാ പള്ളി പാരിഷ് ഹാളിൽ നടക്കും. KLM രൂപതാ കമ്മറ്റി അംഗങ്ങളും വിവിധ ഫോറങ്ങളുടെ രൂപതാ കമ്മറ്റി പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവർ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്. രൂപതാ പ്രസിഡന്റ് ജോർജ്ജ് അമ്പഴം അദ്ധ്യക്ഷത വഹിക്കുന്ന യോഗം ഡയറക്ടർ റവ. ഫാ. ജോസഫ് പാപ്പാടി ഉദ്ഘാടനം ചെയ്യും.



**കെ.എൽ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ SSLC, +2 പരീക്ഷകളിലേ A+ നേടിയവരെ ആദരിച്ചപ്പോൾ**

# അറിയിപ്പുകൾ

### സീറോമലബാർ സഭയ്ക്ക് ഒദ്യോഗിക മൊബൈൽ ന്യൂസ് ആപ്പ്

സീറോമലബാർ സഭയുടെ പബ്ലിക്ക് റിലേഷൻ ഓഫീസ് ഔദ്യോഗിക മൊബൈൽ ന്യൂസ് ആപ്പ് 'സീറോമലബാർന്യൂസ്' എന്ന പേരിൽ കമ്മീഷൻ ചെയ്തു. സഭയിലെ നാൽപ്പത്തിയഞ്ചു ലക്ഷത്തോളം വരുന്ന വിശ്വാസികൾക്കും ലോകമാസകലമുള്ള എല്ലാ ജനങ്ങൾക്കും സഭാവാർത്തകളും പ്രതികരണങ്ങളും എത്രയും പെട്ടെന്ന് അറിയാൻ അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

ആൻഡ്രോയിഡ്, ഐ ഫോൺ ഉപയോക്താക്കൾ പ്ലേ സ്റ്റോറിൽ നിന്നും 'സീറോമലബാർന്യൂസ്' ഡൗൺലോഡ് ചെയ്യുക. വിൻഡോസ് ആപ്ലിക്കേഷൻ ഉപയോഗിക്കുന്നവർക്ക് ഗൂഗിൾ വഴി സീറോമലബാർ ന്യൂസ് ആപ്പിൽ എത്താം. നിങ്ങളുടെ അഭിപ്രായങ്ങളും സംശയങ്ങളും syromalabarpro@gmail.com എന്ന വിലാസത്തിൽ അറിയിക്കുക.

# വാർത്തകളും വിശേഷങ്ങളും

### മദർ തെരേസായുടെ വിശുദ്ധപദ പ്രഖ്യാപനത്തിൽ മമത ബാനർജി പങ്കെടുക്കും

മദർ തെരേസായുടെ വിശുദ്ധപദ പ്രഖ്യാപനത്തിൽ മമത ബാനർജി പങ്കെടുക്കുമെന്ന് മിഷണറീസ് ഓഫ് ചാരിറ്റീസിന്റെ സുപ്പീരിയർ ജനറൽ സിസ്റ്റർ മരിയ പ്രേമ അറിയിച്ചു. ഉപവികളുടെ സഹോദരിമാരുടെ (Missionaries of Charities) കൊൽക്കത്തയിലെ ആസ്ഥാനത്തുനിന്നും സിസ്റ്റർ പ്രേമയാണ് മുഖ്യമന്ത്രി മമത ബാനർജിയെ ഔദ്യോഗികമായി വത്തിക്കാനിലെ പരിപാടിയിലേക്കു ക്ഷണിച്ചത്. പശ്ചിമബംഗാൾ ഇപ്പോഴും 'പാവങ്ങളുടെ അമ്മ'യെന്നു ലോകം വിശേഷിപ്പിക്കുന്ന വാഴ്ത്തപ്പെട്ട മദർ തെരേസായുടെ പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനമാണ്. ക്ഷണം സ്വീകരിച്ച മുഖ്യമന്ത്രി മമതാ



ബാനർജി വത്തിക്കാനിലെ വിശുദ്ധപദ പ്രഖ്യാപന കർമ്മത്തിലെ പങ്കാളിത്തം സ്ഥിരീകരിച്ചുകൊണ്ട് സിസ്റ്റേഴ്സിന് മറുപടി നല്കി. വാഴത്തപ്പെട്ട മദർ തെരേസായുടെ വിശുദ്ധപദ പ്രഖ്യാപനം നടക്കുന്നത് സെപ്റ്റംബർ 4-ാം തീയതി ഞായറാഴ്ചയാണ്. പ്രാദേശിക സമയം രാവിലെ 10 മണിക്ക് വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ വിശാലമായ ചത്വരത്തിൽ പാപ്പാ ഫ്രാൻസീസിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെടുന്ന ചടങ്ങുകൾക്ക് ലോകനേതാക്കളും വിവിധ മതാദ്ധ്യക്ഷന്മാരും ജനസഹസ്രങ്ങളും സാക്ഷിയാകും.

### ബിഷപ്പ് മുരിക്കന്റെ വൃക്കദാനം ജൂബിലി വർഷത്തിലെ വലിയ കാരുണ്യം

ദൈവിക കാരുണ്യത്തിന്റെ ചിന്തയിലാണ് തന്റെ വൃക്ക ദാനം ചെയ്യുന്നതെന്ന് പാലാ രൂപതയുടെ സഹായമെത്രാൻ ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ വത്തിക്കാൻ റേഡിയോയ്ക്ക് നല്കിയ അഭിമുഖത്തിൽ പ്രസ്താവിച്ചു. മലപ്പുറം ജില്ലയിൽ കോട്ടക്കലുള്ള ഈശ്വരമംഗലത്ത് സ്വരാജിന് വൃക്ക ആവശ്യമാണെന്ന് കെ.സി.ബി.സി.യുടെ ജീവനുവേണ്ടിയുള്ള കമ്മീഷനിൽ നിന്നും അറിഞ്ഞ അന്നുതന്നെ മടിക്കാതെ തീരുമാനമെടുത്തതായി ബിഷപ്പ് മുരിക്കൻ പറഞ്ഞു. ഫ്രാൻസീസ് മാർപാപ്പ പ്രഖ്യാപിച്ച കാരുണ്യത്തിന്റെ ജൂബിലി വർഷത്തിൽ, ദൈവിക കാരുണ്യത്തോടു പ്രത്യുത്തരിച്ചുകൊണ്ടും സഹോദരസ്നേഹത്തിലും ജീവനോടുള്ള ആദരവിലുമാണ് ഈ അവയവദാനം സന്തോഷത്തോടെ നിർവ്വഹിച്ചത്. സ്വരാജ് എന്ന സഹോദരന്റെ രണ്ടു വൃക്കകളും തകരാറിലായി അയാളുടെ ജീവൻ അപകടത്തിലാണെന്ന് അറിഞ്ഞാണ് സഹായിക്കാൻ മുന്നോട്ടുചെന്നത്. ഒരു വൃക്ക ലഭിച്ചാൽ ജീവൻ രക്ഷിക്കാമെന്നും പിന്നെ അദ്ധ്വാനിച്ച് കുടുംബത്തെ നോക്കുന്നതിന് സ്വരാജിന് സാധിക്കുമെന്നും വൈദ്യശാസ്ത്രം വാക്കുനല്കുന്നത് ഏറെ പ്രത്യാശാപൂർണ്ണമാണ്. ലോകത്ത് ഇനിയും വളരേണ്ട ജീവസംസ്കാരത്തിന് മാതൃകയാണ് ബിഷപ്പ് മുരിക്കന്റെ ഈ മഹാകാരുണ്യപ്രവർത്തിയെന്ന് കെ.സി.ബി.സി. ഫാമിലി കമ്മീഷന്റെ സെക്രട്ടറി ഫാദർ പോൾ മാടശ്ശേരി അഭിപ്രായപ്പെട്ടു.




02 കരിമ്പൻ ഡി.എസ്.റ്റി. കോൺവെന്റിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നല്കി.

09 അടിമാലി ആത്മജ്യോതിയിൽ നടന്ന പാസ്റ്ററൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു.

16 കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് അടിമാലി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നല്കി.

* മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ സി.എം.എൽ. രൂപതാ കൗൺസിലിന് അദ്ധ്യക്ഷത വഹിച്ച് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികൾക്ക് മെഡലുകൾ വിതരണം ചെയ്തു.

16-17 ഇരുമ്പുപാലം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

18 മുരിക്കാശ്ശേരി പാവനാത്മ കോളേജിനോടനുബന്ധിച്ച് പുതുതായി നിർമ്മിച്ച ഹോസ്റ്റൽ കെട്ടിടം വെഞ്ചിരിച്ചു.

* അടിമാലി ആത്മജ്യോതിയിൽ നടന്ന യുവവൈദിക സെമിനാർ ഉദ്ഘാടനം ചെയ്തു.

20 യുവവൈദിക സെമിനാറിന്റെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

23 അടിമാലി കാർമ്മൽഗിരി കോളേജിന്റെ വെഞ്ചിരിപ്പ് നടത്തി.

23-24 കല്ലാർ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

30\. പൊട്ടൻകാട്ടിൽ കർഷകരെ ആദരിക്കുന്ന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.






| | | |
|---|---|---|
| 02 | 10.00 am | - പ്രെസ്ബിറ്ററൽ കൗൺസിൽ, കരിമ്പൻ |
| 06 | 09.30 am | - എ.കെ.സി.സി., അടിമാലി |
| | 03.00 pm | - DFC രൂപതാ സംഗമം, ചുരുളി |
| 07 | 03.00 pm | - സി.എം.എൽ. തീർത്ഥാടനം, വാഴത്തോപ്പ് |
| 08 | 10.00 am | - Theological colloquim, കാക്കനാട് |
| 08-12 | | - Bishop's Retreat, കാക്കനാട് |
| 15 | 04.00 pm | - എ.കെ.സി.സി. മതസൗഹാർദ്ദ സമ്മേളനം, മുരിക്കാശ്ശേരി |
| 20 | 10.30 am | - വിവാഹം, പിഴക് |
| 22 - Sept. 2 | | - Synod of Bishops, കാക്കനാട് |
| 25-28 | | - മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി, ഇരിങ്ങാലക്കുട |